# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 36 ലക്കം സെപ്റ്റംബർ 2018 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്




# പ്രതീക്ഷയുടെ പൂമൊട്ടുകൾ


വാല്യം 36 ലക്കം ഏലിയാ സ്ലീവാ മൂശ സെപ്റ്റംബർ 2018


"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- അവൻ വീണ്ടും വരുമ്പോൾ 05
- ക്രിസ്തീയജീവിതം: സ്നേഹസഹവാസജീവിതം 07
- ഞാൻ എന്തിനു കുമ്പസാരിക്കണം? 09
- സീറോ മലബാർ റീത്തും മാർ സ്ലീവായും 12
- വിശുദ്ധി എല്ലാവർക്കും ഉള്ളത് 15
- കായേൻ 17
- കാവലാൾ 18
- സ്നേഹത്തിൽ ചാലിച്ച ഹൃദയം 20
- മരിച്ചാലും മറക്കില്ലാട്ടോ... 21
- സമർപ്പണം 23
- വിശുദ്ധമീ പൗരോഹിത്യം 24
- സെനക്കിൾ തരംഗം 27
- കുരിശോളം... 28
- പ്രതീക്ഷ 29
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ

# പ്രതിസന്ധികളിൽ പുഞ്ചിരിയോടെ



**ദു**രിതക്കാഴ്ചകൾ അവശേഷിപ്പിച്ച് കാലവർഷം കടന്നുപോയി. കലിതുള്ളിയെത്തിയ കാലവർഷത്തോടൊപ്പം വെള്ളപ്പൊക്കവും ഉരുൾപൊട്ടലും മണ്ണിടിച്ചിലും കാറ്റുമുണ്ടാക്കിയ കെടുതിയിൽ കേരളം ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടതകൾ മാറാൻ കാലങ്ങൾ വേണ്ടിവരും. ജീവനും വീടും വസ്തുവകകളും നഷ്ടപ്പെട്ടവരും ഭാവിയെക്കുറിച്ച് ഉത്ക്കണ്ഠപ്പെടുന്നവരുമായ ഒത്തിരിപ്പേർ... കെടുതികളുടെ കണക്കെടുക്കാൻ ഈ കളം പോരാതെവരും.

ഈ പ്രതിസന്ധികളുടെയെല്ലാം നടുവിലും പുഞ്ചിരിക്കുന്ന മുഖങ്ങൾ കാണുന്നത് വിശ്വാസവും പ്രതീക്ഷയും ഇനിയും നഷ്ടപ്പെട്ടിട്ടില്ല എന്നതിന്റെ തെളിവാണല്ലോ. ഇത് ഏലിയാ-സ്ലീവാ-മൂശക്കാലങ്ങളാണ്. സ്ലീവായുടെ ശക്തിയും വിജയവുമെല്ലാം ഇവിടെ നാം ധ്യാനവിഷയമാക്കുന്നുണ്ട്. ഏതു ദുരിതത്തിലും വിശ്വാസികൾക്ക് പിടിച്ചുനില്ക്കാനുള്ള ഒരായുധമാണ് സ്ലീവാ എന്നത് നമുക്കോർക്കാം.

മിശിഹായുടെ രണ്ടാം ആഗമനവും അന്ത്യവിധിയുമൊക്കെ ചിന്താവിഷയമാക്കുന്ന ഈ ആരാധനക്രമകാലഘട്ടത്തിൽത്തന്നെ ഈ ലോകത്തിന്റെ നശ്വരതയെക്കുറിച്ചും അനശ്വരവും സൗഭാഗ്യപൂർണവുമായ വരുംലോകത്തെക്കുറിച്ചും ചിന്തിക്കാൻ പ്രകൃതിയും നമുക്ക് ഒരവസരമുണ്ടാക്കിയിരിക്കുന്നു എന്നതും ഓർക്കേണ്ടതാണ്. അതോടൊപ്പം, കഷ്ടതകളിൽ വേദനിക്കുന്നവരെ ആത്മീയ-ഭൗതികധനങ്ങൾകൊണ്ട് സഹായിക്കാനുള്ള കടമ നമുക്കുണ്ടെന്നതും മറക്കാതിരിക്കാം.

**ചീഫ് എഡിറ്റർ**

# അവൻ വീണ്ടും വരുമ്പോൾ



ഫാദർ ദേവസ്യാ തുണ്ടിയിൽ
ചങ്ങനാശ്ശേരി അതിരൂപത

**ഉ**ത്ഥിതനായ മിശിഹാ ഉന്നതത്തിലേക്കു സംവഹിക്കപ്പെടുന്നത് അത്ഭുതത്തോടെ നോക്കി നില്ക്കുമ്പോൾ രണ്ടു ദൈവികദൂതന്മാർ പ്രത്യക്ഷപ്പെട്ട് ശ്ലീഹന്മാരോടു പറഞ്ഞു: "അല്ലയോ ഗലീലിയരേ, നിങ്ങൾ ആകാശത്തേക്കു നോക്കി നില്ക്കുന്നതെന്ത്? നിങ്ങളിൽനിന്നും സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ട ഈശോ, സ്വർഗ്ഗത്തിലേക്കു പോകുന്നതായി നിങ്ങൾ കണ്ടതു പോലെ തന്നെ തിരിച്ചുവരും" (അപ്പ 1:11). കർത്താവിന്റെ രാജകീയമായ രണ്ടാമത്തെ വരവിനെ പ്രതീക്ഷയോടെ കാത്തിരുന്ന ആദിമസഭ ഇപ്രകാരം പ്രാർത്ഥിച്ചു: "മാറാനാത്ത - കർത്താവേ വരണമേ". നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ സഭ ഇതു വിശ്വാസസത്യമായി ഏറ്റുപറയുന്നു - 'അവിടുന്ന് മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കുവാൻ വീണ്ടും വരുവാനിരിക്കുന്നു'.

ഈശോയുടെ പ്രത്യാഗമനത്തെയും യുഗാന്ത്യത്തെയുംകുറിച്ചുള്ള ചിന്തകളാണ് ഏലിയാ സ്ലീവാ മൂശക്കാലത്തിൽ സഭ ധ്യാനവിഷയമാക്കുന്നത്. സമാന്തരസുവിശേഷങ്ങളിൽ നാം വായിക്കുന്ന ഈശോയുടെ രൂപാന്തരീകരണസംഭവം അവിടുത്തെ രണ്ടാം വരവിന്റെ മുന്നാസ്വാദനമാണെന്നാണ് ബൈബിൾ വ്യാഖ്യാതാക്കളുടെ ഭാഷ്യം. "അവന്റെ വസ്ത്രങ്ങൾ ഭൂമിയിലെ ഏതൊരു അലക്കുകാരനും വെളുപ്പിക്കാൻ കഴിയുന്നതിനെക്കാൾ വെൺമയും തിളക്കവും ഉള്ളവയായി" (മർക്കോ 9:3). "അപ്പോൾ രണ്ടുപേർ - മോശയും ഏലിയായും - അവനോട് സംസാരിച്ചുകൊണ്ടിരുന്നു (ലൂക്കാ 9:30). കർത്താവിന്റെ രണ്ടാം വരവിന്റെ മുൻ ആവിഷ്കാരമായ രൂപാന്തരീകരണവേളയിലെ ഈ രംഗമാണ് അവന്റെ പ്രത്യക്ഷീകരണത്തെ അനുസ്മരിക്കുന്ന കാലത്തിന് ഏലിയാ സ്ലീവാ മൂശക്കാലം എന്നു പേരിടാൻ കാരണം.

പഴയനിയമത്തിലെ ശക്തനും തീക്ഷ്ണമതിയുമായ ഏലിയാ വീണ്ടും ഭൂമിയിലേക്കു വരുമെന്ന് യഹൂദർ വിശ്വസിച്ചിരുന്നു. ഏലിയാ മരിക്കാതെ, ദൈവം അദ്ദേഹത്തെ ഭൂമിയിൽ നിന്നും എടുത്തതുകൊണ്ടാവാം യഹൂദർ ഇങ്ങനെ വിശ്വസിച്ചിരുന്നത്. ''മിശിഹായ്ക്കുമുമ്പ് ഏലിയാ വരുമെന്നും വഴിയൊരുക്കുമെന്നും മലാക്കി പ്രവചിച്ചിട്ടുണ്ട്. "കർത്താവിന്റെ മഹത്തും ഭീതിജനകവുമായ ദിവസം വരുന്നതിനുമുമ്പ് പ്രവാചകനായ ഏലിയായെ ഞാൻ നിങ്ങളുടെ അടുത്തേക്ക് അയയ്ക്കും" (മലാ 4:5). ഈശോയുടെ രണ്ടാമത്തെ ആഗമനത്തോട് ചേർത്ത് ഏലിയായെ അവതരിപ്പിക്കുന്നതിന്റെ പഴയനിയമപശ്ചാത്തലം ഇതാണ്.

ഏലിയാ സ്ലീവാ മൂശക്കാലത്തിന്റെ കേന്ദ്രബിന്ദു സെപ്റ്റംബർ 14 ന് ആചരിക്കുന്ന സ്ലീവായുടെ പുകഴ്ചയുടെ തിരുനാളാണ്. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്ത്, 335 സെപ്റ്റംബർ 13-ാം തീയതി, ഈശോ മരിക്കുകയും ഉയിർക്കുകയും ചെയ്ത സ്ഥലങ്ങളിൽ പണിയപ്പെട്ട ദൈവാലയങ്ങളുടെ പ്രതിഷ്ഠയോടനുബന്ധിച്ചാണ് ഈ തിരുനാൾ ആചരണം തുടങ്ങിയതെന്നു കരുതപ്പെടുന്നു. തനിക്കു ലഭിച്ച ദർശനമനുസരിച്ച് കുരിശുമുമ്പിൽപിടിച്ചു യുദ്ധം ചെയ്തപ്പോൾ കോൺസ്റ്റന്റൈൻ വിജയം വരിച്ചിരുന്നു. അദ്ദേഹത്തിന് വി.കുരിശിനോടുള്ള പ്രത്യേക ഭക്തി ഈ തിരുനാളിന് വഴിവെച്ചതാകാം. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ അമ്മ ഹെലേനരാജ്ഞി കർത്താവിന്റെ കുരിശുകണ്ടെത്തിയത് ഒരു സെപ്റ്റംബർ 14 ന് ആണെന്ന് മറ്റൊരു പാരമ്പര്യവുമുണ്ട്. അതുകൊണ്ടാണ് പൗരസ്ത്യസഭകളിൽ ഈ തിരുനാൾ കുരിശു കണ്ടെത്തിയ തിരുനാൾ എന്ന് അറിയപ്പെടുന്നത്.

'രക്ഷയിലൂടെ ചരിക്കുന്നവർക്ക് ദൈവത്തിന്റെ ശക്തിയായി' അനുഭവപ്പെടുന്ന വി. കുരിശിന്റെ മഹത്ത്വപൂർണ്ണമായ വിജയത്തെക്കുറിച്ച് ഈ കാലത്ത് സഭ അനുസ്മരിക്കുന്നു. മനുഷ്യപുത്രൻ വാനമേഘങ്ങളിൽ ശക്തിയോടും മഹത്ത്വത്തോടുംകൂടെ വരുന്നതിനുമുമ്പ് ആകാശത്തിൽ പ്രത്യക്ഷപ്പെടുമെന്ന് കർത്താവു പറഞ്ഞ "മനുഷ്യപുത്രന്റെ അടയാളം" (മത്താ 24:30) വി.കുരിശാണെന്ന് സഭ ആദ്യകാലംമുതലേ വിശ്വസിച്ചുപോരുന്നു. ഇതാണ് രണ്ടാം വരവിനെ ധ്യാനിക്കുന്ന ഏലിയാ സ്ലീവാ മൂശക്കാലത്തിൽ കുരിശിന്റെ മഹത്ത്വത്തെ വാഴ്ത്തുന്നതിന്റെ സാംഗത്യം. വി. യോഹന്നാൻ സുവിശേഷകന്റെ ദൈവശാസ്ത്രവീക്ഷണപ്രകാരം കർത്താവിന്റെ മഹത്ത്വീകരണത്തിന്റെ സമയം അവൻ കാൽവരിയിൽ കുരിശിലേറിയ സമയമാണ്. അവന്റെ മരണത്തോടെ, അപമാനത്തിന്റെ അടയാളമായിരുന്ന കുരിശ് രക്ഷയുടെയും മഹത്ത്വത്തിന്റെയും അടയാളമായി. അവിടുത്തെ മഹത്ത്വത്തോടെയുള്ള പ്രത്യക്ഷീകരണത്തിൽ കർത്താവിന്റെ മഹത്ത്വത്തിന്റെ കാരണവും അടയാളവുമായ കുരിശ് കാണപ്പെടും എന്ന വിശ്വാസത്തിന്റെ യുക്തിഭദ്രത വചനത്താൽ മുദ്രിതമായിരിക്കുന്നു.

രണ്ടാം വരവും യുഗാന്ത്യവും അനുബന്ധസംഭവങ്ങളും നടക്കുന്ന സമയത്തെക്കുറിച്ച് യാതൊരു തീർച്ചയുമില്ല. പിതാവിനല്ലാതെ മറ്റാർക്കും, പുത്രനുപോലും അക്കാര്യം അറിയില്ല എന്നാണ് ഈശോ പറഞ്ഞത്. അതുകൊണ്ട് ഉറക്കമിളച്ച് കാത്തിരിക്കുന്ന കാവൽക്കാരനെപ്പോലെയോ, ഉടമസ്ഥന്റെ അപ്രതീക്ഷിത വരവിനായി ഒരുങ്ങിയിരിക്കുന്ന കാര്യസ്ഥനെപ്പോലെയോ ജാഗരൂകരായിരിക്കണമെന്ന് ഈശോ പഠിപ്പിച്ചു. ഏലിയാ സ്ലീവാ മൂശക്കാലത്തെ യാമപ്രാർത്ഥനകളിൽ നിഴലിക്കുന്ന അനുതാപചൈതന്യം ഈ ഒരുക്കത്തിന്റെ ഭാഗമാണ്. വസ്ത്രങ്ങൾ മലിനമാക്കാത്തവരായി, കൊല്ലപ്പെട്ടിട്ടും നിൽക്കുന്ന കുഞ്ഞാടിന്റെ സന്നിധിയിൽ നില്ക്കാൻ, അനുതാപത്തിന്റെ കണ്ണീരിൽ പാപക്കറകൾ കഴുകണം നാം. നിതാന്തമായ ജാഗ്രതയാണ് വിശുദ്ധിക്കു നാം കൊടുക്കേണ്ട വില. ഈ ഹൃദയവിശുദ്ധിയാണല്ലോ ദൈവദർശനത്തിനുള്ള യോഗ്യത. ഏലിയാ സ്ലീവാ മൂശക്കാലം ഉന്നതങ്ങളിലുള്ളതു ചിന്തിക്കുവാനും സ്വർഗ്ഗീയ മഹത്ത്വം പ്രാപിക്കുവാൻ ഭൂമിയിൽ സന്തോഷത്തോടെ കുരിശെടുക്കുവാനും നമുക്ക് ശക്തി നല്കുന്ന അവസരമാകട്ടെ. അങ്ങനെ ആ ഭയാനകമായ വിധിദിവസം നമുക്ക് രക്ഷാകരമായിത്തീരട്ടെ.






# ക്രിസ്തീയജീവിതം സ്നേഹസഹവാസജീവിതം

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

ക്രിസ്തീയജീവിതം സ്നേഹത്തിന്റെയും സഹവാസത്തിന്റെയും ജീവിതമാണ്. കേവലം മാനുഷികമായ സ്നേഹവും സഹവാസവുമല്ല; ദൈവികമായ സ്നേഹവും സഹവാസവുമാണ് ക്രിസ്തീയജീവിതത്തിന്റെ അന്തഃസത്ത. സെനക്കിളിൽ ഈശോ ശിഷ്യരുമായി പങ്കുവച്ച ഈ സ്നേഹവും സഹവാസവും എപ്രകാരമുള്ളതാണെന്നു വ്യക്തമാക്കുന്നുണ്ട്.

## ഈശോയെ സ്നേഹിക്കുന്ന ജീവിതം

ഈശോയുമായുള്ള സ്നേഹബന്ധം ക്രിസ്തീയജീവിതത്തിന്റെ മുഖമുദ്രയാണ്. ശിഷ്യരുമായുള്ള സംഭാഷണത്തിൽ ഈശോ തന്റെയും പരിശുദ്ധാരൂപിയുടെയും പിതാവിന്റെയും സഹവാസം അവർക്കു വാഗ്ദാനം ചെയ്യുന്നത് അവർ തന്നെ സ്നേഹിക്കുന്നു എന്ന വ്യവസ്ഥയിലാണ്: "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പന പാലിക്കും.... സഹായകനെ അവിടുന്നു നിങ്ങൾക്കു തരികയും ചെയ്യും" (യോഹ 14,15.21.23). ഇത് വെറും വൈകാരികതലത്തിലുള്ള സ്നേഹമല്ല. സ്നേഹിക്കുന്നവന്റെ ഇഷ്ടം നിർവഹിക്കുന്ന, അഥവാ കല്പന പാലിക്കുന്ന, ജീവിതംകൊണ്ടുള്ള സ്നേഹമാണ്: "എന്റെ കല്പനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്" (യോഹ 14,21). ദൈവകല്പനകൾക്കനുസൃതമായ ജീവിതം നയിച്ചുകൊണ്ടാണ് ഈശോയെ സ്നേഹിക്കുന്ന ജീവിതം നാം നയിക്കേണ്ടത്.

**അരൂപിയുമായുള്ള സഹവാസജീവിതം**

ഈശോയെ സ്നേഹിക്കുന്നവർക്ക് അവിടുന്നു കൊടുക്കുന്ന വലിയ വാഗ്ദാനം അവിടുത്തെ അരൂപിയുടെ സഹവാസമാണ്: "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പന പാലിക്കും. ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരികയും ചെയ്യും" (യോഹ 14,15-16). ഈശോയിൽ വിശ്വസിച്ച് ഈശോയെ സ്നേഹിക്കുന്നവർക്കു മാത്രമാണ് അരൂപിയുടെ ഈ സഹവാസം നല്കപ്പെടുന്നത്. ലോകത്തിന് അഥവാ വിശ്വാസമില്ലാത്തവർക്ക് അരൂപി നല്കപ്പെടുകയില്ല (യോഹ 14,17). ഇവിടെ അരൂപിയെ വിശേഷിപ്പിക്കുന്നത് 'സഹായകൻ' എന്നാണ്. അതുകൊണ്ട് അരൂപിയുടെ ഈ സഹവാസം വെറുതെ ആസ്വദിക്കാനുള്ള സഹവാസമല്ല. വിശ്വാസജീവിതത്തിൽ വളരുവാനും അതിനനുസൃതമായ കടമകൾ നിർവഹിക്കുവാനും സഹായിക്കുന്ന പരിശുദ്ധാരൂപിയുടെ സഹവാസമാണ്.

**ഈശോയുമായി സഹവസിക്കുന്ന ജീവിതം**

ഈശോ അരൂപിയെ തന്നിട്ട് മാറിനില്ക്കുകയല്ല. അരൂപിയോടൊപ്പം ഈശോയും നമ്മുടെ ജീവിതത്തിൽ സഹവസിക്കുന്നവനായി കടന്നുവരും: "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വരും" (യോഹ 14,18). ഈശോയുമായുള്ള സ്നേഹബന്ധം പരസ്പരമുള്ള സഹവാസാനുഭവമായി മാറും. ഈശോയുടെ സ്നേഹം സ്വീകരിച്ച് ആ സ്നേഹത്തിനു പ്രതിസ്നേഹമായി നമ്മുടെ സാന്നിദ്ധ്യവും സ്നേഹവുംകൊടുത്ത് സ്നേഹത്തിൽ നിലനിന്നുകൊണ്ടാണ് ഈ സഹവാസം അനുഭവത്തിൽ ഉൾക്കൊള്ളേണ്ടത്. ഈശോയുമായുള്ള സഹവാസത്തെ ഉദാഹരിക്കുന്ന "മുന്തിരിച്ചെടിയും ശാഖകളും" എന്ന സാദൃശ്യത്തിൽ "നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ" (യോഹ 15,9) എന്നു പറയുന്നത് ഈ അർത്ഥത്തിലാണ് നാം മനസ്സിലാക്കേണ്ടത്. അപ്രകാരം സ്നേഹത്തിൽ നിലനില്ക്കണമെങ്കിൽ ഈശോയുടെ കല്പനകൾ പാലിക്കണമെന്നും പറയുന്നുണ്ട്: "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ, നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും" (യോഹ 15,10). ഈശോയുടെ കല്പന പരസ്പരസ്നേഹത്തിന്റെ കല്പനയാണ് (യോഹ 15,12.17). അതുകൊണ്ട്, പരസ്പരം സ്നേഹിക്കുന്ന സമൂഹജീവിതം നയിച്ചുകൊണ്ടാണ് ഈശോയുമായുള്ള സഹവാസം നാം പ്രായോഗികമായി പ്രാവർത്തികമാക്കേണ്ടത്.

**പരി. ത്രിത്വസഹവാസം അനുഭവിക്കുന്ന ജീവിതം**

അരൂപിയുടെയും ഈശോയുടെയും സഹവാസം അനുഭവിക്കുന്ന ജീവിതം ത്രിത്വസഹവാസമനുഭവിക്കുന്ന ജീവിതമാണെന്ന് ഈശോ തുടർന്നു പറയുന്നുണ്ട്: "അപ്പോൾ എന്റെ പിതാവ് അവരെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (യോഹ 14,23). ഇപ്രകാരം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാരൂപിയുടെയും സ്നേഹവും സാന്നിദ്ധ്യവും സഹവാസവും അനുഭവിക്കുന്ന ത്രിത്വാത്മക കൂട്ടായ്മയുടെ ജീവിതമാണ് ക്രൈസ്തവജീവിതം. ഇവിടെ 'വാസമുറപ്പിക്കും' എന്നു പറയുന്നിടത്ത് ഉപയോഗിച്ചിരിക്കുന്ന വാക്കിന്റെ അർത്ഥം ഗ്രീക്കു മൂലഭാഷയിൽ 'വാസസ്ഥലമുറപ്പിക്കും' എന്നാണ്. സ്വർഗീയ വാസസ്ഥലത്തെ കുറിക്കാൻ യോഹ 14,2 ൽ ഉപയോഗിക്കുന്ന അതേ വാക്കുതന്നെയാണ് ഇവിടെയും സുവിശേഷകൻ ഉപയോഗിക്കുന്നത്. അതുകൊണ്ട് ഈ പരിശുദ്ധ ത്രിത്വസഹവാസം അനുഭവിക്കുന്ന ക്രിസ്തീയജീവിതം സ്വർഗത്തിന്റെ മുന്നാസ്വാദനംകൂടിയാണ് എന്നു നമുക്കു മനസ്സിലാക്കാം. ഇപ്രകാരം ദൈവികമായ സ്നേഹത്തിന്റെയും സഹവാസത്തിന്റെയും ജീവിതം നയിക്കുന്നതിലൂടെയാണ് നമ്മുടെ ക്രിസ്തീയജീവിതം അർത്ഥപൂർണ്ണമാകുന്നത്.





# ഞാനെന്തിനു കുമ്പസാരിക്കണം?

**റവ. ഡോ. രഞ്ജിത് ചക്കുംമൂട്ടിൽ**
**താമരശ്ശേരി രൂപത**

"മകളേ, കാരുണ്യത്തിന്റെ നീരുറവയായ കുമ്പസാരമെന്ന കൂദാശയെ നീ സമീപിക്കുമ്പോൾ എന്റെ തിരുവിലാവിൽ നിന്നൊഴുകുന്ന രക്തവും വെള്ളവും നിന്റെ ആത്മാവിനെ കുലീനമാക്കുന്നു. എന്റെ അപരിമേയമായ കാരുണ്യത്തിൽ ആശ്രയിച്ച് നീ കുമ്പസാരത്തിനണയുമ്പോൾ നിന്റെ ആത്മാവിനെ ഞാൻ കൃപകളാൽ നിറയ്ക്കുന്നു. നീ കുമ്പസാരക്കൂടിനെ സമീപിക്കുമ്പോൾ നീയോർക്കണം, ഞാനവിടെ നിനക്കായി കാത്തിരിക്കുകയാണ്. അവിടെയിരിക്കുന്ന വൈദികനിൽ മറഞ്ഞിരിക്കുന്ന ഞാൻ നിന്റെ ആത്മാവിനെ തൊടുകയാണ്. നീയെന്റെ കാരുണ്യത്തിൽ ആശ്രയിക്കുമ്പോൾ എന്റെ അളവില്ലാത്ത കൃപ നിന്നിലേക്ക് ചൊരിയപ്പെടുകയാണ്". വി. ഫൗസ്റ്റീന '*എന്റെ അന്തരാത്മാവിലേക്ക് ഒഴുകിയിറങ്ങുന്ന ദൈവകാരുണ്യം*' എന്ന ഡയറിക്കുറിപ്പിൽ എഴുതിയിരിക്കുന്ന, അവർക്കുണ്ടായ ഈശോയുടെ ദർശനത്തിലെ വരികളാണിവ. കുമ്പസാരമെന്ന മഹനീയ കൂദാശ ഒത്തിരിയേറെ അവഹേളനങ്ങൾക്കും തെറ്റിദ്ധാരണകൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു കാലയളവിൽ, ഈ ദിവസങ്ങളിൽ കുമ്പസാരം എന്റെ പ്രാർത്ഥനാ വിഷയമായിരുന്നു. കുമ്പസാരമെന്ന കൂദാശയുടെ ദൈവശാസ്ത്രവും കാനോനിക നിയമങ്ങളുമൊക്കെ സെമിനാരിയിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഞാൻ പക്ഷേ, "ഞാനെന്തിനു കുമ്പസാരിക്കണം?" എന്നതിനെപ്പറ്റിയാണ് ധ്യാനിച്ചത്. ഈയൊരു ലളിതമായ, എന്നാൽ അത്ര

ലളിതമല്ലാത്ത ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയാണ് ഈ ലേഖനത്തിൽ.

### അനുരഞ്ജനം മാനുഷികമായ ഒരനിവാര്യത

സാമൂഹ്യജീവിയായ മനുഷ്യന്റെ ഏതൊരു ചിന്തയും പ്രവൃത്തിയും നാലു തലങ്ങളിൽ പ്രതിഫലനമുണ്ടാക്കുമെന്നു പറയാം: പ്രവൃത്തി ചെയ്യുന്ന വ്യക്തിയിൽ, അവൻ ജീവിക്കുന്ന സമൂഹത്തിൽ, അവന്റെ സ്രഷ്ടാവും പരിപാലകനുമായ ദൈവത്തോടുള്ള അവന്റെ ബന്ധത്തിൽ, അവൻ ജീവിക്കുന്ന പ്രകൃതിയിൽ. ഒരാൾ ചെയ്യുന്ന പ്രവൃത്തി അത് നന്മയുള്ള ഒരു പ്രവൃത്തിയാണെങ്കിൽ ഈ നാലു തലങ്ങളിലും അത് ഉൽക്കൃഷ്ടവും ഗുണാത്മകവുമായ പ്രതിഫലനങ്ങളുണ്ടാക്കും. എന്നാൽ അതൊരു പ്രതിലോമകരമായ പ്രവൃത്തിയാണെങ്കിൽ അവനോടുതന്നെയും സമൂഹത്തോടും ദൈവത്തോടും പ്രകൃതിയോടുമുള്ള അവന്റെ ഐക്യത്തിനും ബന്ധത്തിനും അത് വിഘാതമാകുകയും ചെയ്യും. സ്വാഭാവികമായും അത് അവന്റെതന്നെ സമാധാനത്തിനും സ്വൈര്യമാനസത്തിനും അലോസരമുണ്ടാക്കും. ഇവിടെ നഷ്ടപ്പെടുന്ന ഈ സന്തുലിതാവസ്ഥ തിരികെ കൊണ്ടുവരണമെങ്കിൽ സമഗ്രമായ ഒരു അനുരഞ്ജനം സാധ്യമാകേണ്ടതുണ്ട്. യുക്തിസഹമായി ചിന്തിക്കുമ്പോൾ ഈ നാലു മേഖലകളിലുമുള്ള അനുരഞ്ജനത്തിനാണ് കുമ്പസാരമെന്ന കൂദാശ വഴിയൊരുക്കുന്നത്. കാരണം ഇന്നു നാം കാണുന്ന അനുരഞ്ജനമാർഗങ്ങളിൽ കുമ്പസാരത്തോളം ശ്രേഷ്ഠവും സമഗ്രവുമായ മറ്റൊരു അനുരഞ്ജനമാർഗം നിലവിലുണ്ടെന്ന് കരുതുകവയ്യ. അതുകൊണ്ടുതന്നെ കുമ്പസാരം – സമഗ്രമായ ഒരനുരഞ്ജനം, സാധാരണ മനുഷ്യജീവിതത്തിന്റെ ഒരനിവാര്യതയാണെന്നു പറയാം.

### അനുരഞ്ജനം സാമൂഹ്യമായ ഒരനിവാര്യത

സമൂഹജീവിയായ മനുഷ്യന്റെ ഓരോ ചലനവും ചിന്തയും സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രതിഫലനമുണ്ടാക്കുന്നു എന്നു സൂചിപ്പിച്ചുവല്ലോ. ഒരു വ്യക്തിയിൽനിന്നും തിന്മ പുറപ്പെട്ടാൽ അത് സമൂഹബന്ധങ്ങളെയും അതിന്റെ കെട്ടുറപ്പിനെയും ദോഷകരമായി ബാധിക്കും. അനുരഞ്ജനംകൂടാതെ അറ്റുപോയ ഈ ബന്ധങ്ങളുടെ പുനഃക്രമീകരണം സാധ്യമാവുകയില്ല. ഇത്തരത്തിൽ അറ്റുപോയ ബന്ധങ്ങളുടെ പുനഃക്രമീകരണം കുമ്പസാരത്തിൽ എളുപ്പത്തിൽ സാധ്യമാകുന്നു. സീറോ മലബാർ സഭയുടെ കുമ്പസാരത്തിലെ ആശീർവാദപ്രാർത്ഥനയിൽ കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥന ഏറെ അർത്ഥവത്താണ്: "പാപമോചനംവഴി നിന്നെ തന്നോടു രമ്യതപ്പെടുത്തിയ ദൈവം സഭയോടും സഹോദരങ്ങളോടും ഐക്യത്തിൽ ജീവിക്കാൻ നിന്നെ അനുഗ്രഹിക്കട്ടെ" എന്നാണത്. ഇത്തരത്തിൽ സമൂഹത്തിൽ നന്മ വളർത്തുവാനും, നിയമങ്ങളെ ബഹുമാനിക്കുവാനും, വീഴ്ച വന്നെങ്കിൽ അതിനെ പരിഹരിക്കുവാനും, പരിഹാരക്രിയകൾ ചെയ്യുവാനും കുമ്പസാരം സഹായകരമാകുന്നുണ്ട്.

### അനുരഞ്ജനം വ്യക്തിപരമായ ഒരനിവാര്യത

മുറിഞ്ഞുപോകുന്ന ബന്ധങ്ങൾ ഒരു മനുഷ്യന്റെ മനസ്സിനെ എത്ര നൊമ്പരപ്പെടുത്തുമെന്നതിന് നമ്മുടെ ജീവിതാനുഭവങ്ങൾത്തന്നെയാണ് സാക്ഷ്യം. കലഹത്തിലും വൈരാഗ്യത്തിലും കഴിയുന്നവരിൽപ്പോലും നൈസർഗികമായ ഈ അസ്വസ്ഥത നിലനില്ക്കുന്നുണ്ടെന്നത് നിഷേധിക്കാനാവാത്ത ഒരു വസ്തുതയാണ്. അനുരഞ്ജനപ്പെടാനുള്ള അതിയായ ഒരു അഭിവാഞ്ഛ ഏതൊരു മനുഷ്യനുമുണ്ട്. മനുഷ്യനുണ്ടാകുന്ന ശാരീരികരോഗങ്ങളിൽ പലതും അവന്റെ മനസ്സിന്റെ നഷ്ടപ്പെട്ട സന്തുലിതാവസ്ഥയുമായി ബന്ധപ്പെട്ടതാണെന്ന് ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ തകർന്ന ബന്ധങ്ങളുടെ കൂട്ടിയോജിപ്പിക്കൽ – അനുരഞ്ജനം, മനസ്സിന്റെ നഷ്ടപ്പെടുന്ന സന്തുലിതാവസ്ഥ വീണ്ടെടുക്കാൻ അനിവാര്യമാണന്നത് സംശയരഹിതമായ വസ്തുതയാണ്. ഇത്തരത്തിൽ വീണ്ടെടുക്കുന്ന സന്തുലിതാവസ്ഥ മനസ്സിന്റെ മാത്രമല്ല ശാരീരികസൗഖ്യത്തിനും സഹായകരമാകും.

### അനുരഞ്ജനം ആത്മീയമായ ഒരനിവാര്യത

പാപമെന്നത് അനിഷേധ്യമായ ഒരു യാഥാർത്ഥ്യമാണ്. പാപത്തെപ്പറ്റിയുള്ള ക്രൈസ്തവവീക്ഷണമനുസരിച്ച് അത് ദൈവകല്പനകളുടെ ലംഘനമാണ്. ഇത്തരത്തിൽ ദൈവകല്പനകൾ ലംഘിക്കപ്പെടുമ്പോൾ സ്വാഭാവികമായും അത് ദൈവമനുഷ്യബന്ധത്തിൽ വിള്ളലുകൾ സൃഷ്ടിക്കുന്നു. ഇങ്ങനെ പാപംവഴി വിച്ഛേദിക്കപ്പെടുന്ന ദൈവമനുഷ്യബന്ധത്തിന്റെ പുനഃസ്ഥാപനമെന്നത് ആത്മീയജീവിതത്തിന്റെ ഒരനിവാര്യതതന്നെയാണ്. അണകെട്ടി തടയപ്പെടുന്ന ഒരരുവിയുടെ പ്രശാന്തമായ ഒഴുക്കുപോലെ, നമ്മിലേക്ക് സ്വാഭാവികമായി ഒഴുകിയെത്തേണ്ട ദൈവപ്രസാദവരത്തിന്റെ ഒഴുക്കിനെ പാപം തടഞ്ഞുനിർത്തും. ഈ തടഞ്ഞുനിർത്തപ്പെടുന്ന ദൈവവരപ്രസാദത്തിന്റെ ഒഴുക്കിന്റെ പുനഃസ്ഥാപനമാണ് കുമ്പസാരമെന്ന ദൈവസ്ഥാപിതമായ കൂദാശയാൽ സാധിതമാകുന്നത്. അതുകൊണ്ടുതന്നെ തന്റെ ആത്മാവിന്റെ ആരോഗ്യത്തെപ്പറ്റി ചിന്തിക്കുന്ന ഒരു വ്യക്തിക്കുപോലും അനുരഞ്ജനത്തിൽ നിന്ന് – കുമ്പസാരമെന്ന കൂദാശയിൽനിന്ന് അകന്നു നില്ക്കാനാവില്ല.

### ഉപസംഹാരം

കത്തോലിക്കാസഭയുടെ ഏഴു പാവനകൂദാശകളിൽ ഒന്നും, സൗഖ്യദായകകൂദാശയുമായിട്ടാണ് കുമ്പസാരം പരിഗണിക്കപ്പെടുന്നത്. എക്കാലത്തും ആദരവോടും അത്ഭുതത്തോടും കൂടിത്തന്നെയാണ് കത്തോലിക്കരും, ഇതര ക്രൈസ്തവരും, ഇതര മതസ്ഥരുമൊക്കെ ഈ കൂദാശയെ നോക്കിക്കണ്ടിട്ടുള്ളത്. അതേ ആദരവും പരിപാവനതയും തുടർന്നുള്ള തലമുറയ്ക്കും കൈമാറേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വം തന്നെയാണ്. അല്ലെങ്കിൽ മനുഷ്യജീവിതത്തിന്റെ സർവ മേഖലകളെയും സ്വാധീനിക്കുന്ന, സൗഖ്യപ്പെടുത്തുന്ന, മനുഷ്യന്റെ ആത്മാവിനെ കുലീനമാക്കുന്ന, ദൈവത്തിന്റെ അപരിമേയമായ കാരുണ്യം നമ്മിലേക്കൊഴുകിയിറങ്ങുന്ന ഈ സൗഖ്യദായകവാതിൽ നാം പുതുതലമുറയ്ക്കുമുമ്പിൽ കൊട്ടിയടയ്ക്കുകയായിരിക്കും ചെയ്യുന്നത്. ആ അപകടം നമുക്കു സംഭവിക്കാതിരിക്കട്ടെ.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**

**ചി**ല പ്രിയപ്പെട്ടവർ മാർ സ്ലീവായെക്കുറിച്ചും സീറോ മലബാർ സഭയെക്കുറിച്ചും ചില ചോദ്യങ്ങൾ ചോദിക്കാനിടയായി. ഒരു നസ്രാണി തീവ്രവാദിയല്ലെങ്കിലും നസ്രായനെ തീക്ഷ്ണമായി സ്നേഹിക്കാനും പിന്തുടരാനും ശ്രമിക്കുന്ന ഒരു തിരുസഭാതനയയെന്ന നിലയിൽ ഇതിനൊരുത്തരം നല്കാനുള്ള പരിശ്രമം നടത്തുന്നുവെന്നുമാത്രം.

“പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും”. സ്വർഗ്ഗാരോഹണത്തിനു തൊട്ടുമുമ്പ് ഈശോമിശിഹാ ശിഷ്യരോടു പറഞ്ഞ തിരുവചനമാണിത്. പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ, വിശ്വാസത്തിൽ ശക്തിപ്രാപിച്ച ശ്ലീഹന്മാർ സുവിശേഷം/സദ്വാർത്ത പ്രഘോഷിക്കാൻ തുടങ്ങി.

ഉത്ഥിതനായ മിശിഹായെ സ്പർശിക്കാൻ (യോഹ 20,24-29) ഭാഗ്യം സിദ്ധിച്ച വി. തോമാശ്ലീഹായാണല്ലോ വിശ്വാസത്തിൽ നമ്മുടെ പിതാവ്. ‘നമുക്കും അവനോടൊപ്പം പോയി മരിക്കാം’ (യോഹ 11,16) എന്ന് തീവ്രസ്നേഹത്താൽ പറഞ്ഞ ശിഷ്യൻ. വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്ന മറ്റൊരു സന്ദർഭംകൂടി ഓർക്കാം. ‘വഴിയും സത്യവും ജീവനും ഞാനാണ്’ (യോഹ 14,5-6) എന്ന് ഈശോ നമുക്കു പറഞ്ഞുതരുന്നത് ഈ ശ്ലീഹായുടെ ചോദ്യത്തിനുത്തരമായാണ്.

എ.ഡി. മൂന്നാം നൂറ്റാണ്ടിൽ സുറിയാനിഭാഷയിൽ എഴുതപ്പെട്ട ‘തോമായുടെ നടപടികൾ’ എന്ന ഗ്രന്ഥത്തിൽ തോമാശ്ലീഹായുടെ ഇന്ത്യാസന്ദർശനത്തെയും പ്രേഷിതവൃത്തിയെയുംകുറിച്ച് പ്രതിപാദിക്കുന്നു. നസ്രായനായ ഈശോയെ പിന്തുടരുന്നതുകൊണ്ട് നസ്രാണികൾ എന്നും, ആ വിശ്വാസം സ്വീകരിച്ചത് മാർ തോമാശ്ലീഹായിൽനിന്നായതുകൊണ്ട് മാർത്തോമ്മാ നസ്രാണികൾ എന്നും നാം അറിയപ്പെടാൻ തുടങ്ങി.

ക്രൈസ്തവ ആദ്ധ്യാത്മികത അതതു സ്ഥലങ്ങളിലെ സംസ്കാരങ്ങളോട് ശ്ലൈഹികകാലത്തും അതിനുശേഷവും ഇണങ്ങിച്ചേർന്നതിന്റെ ഫലമായി ഉണ്ടായതാണ് വിവിധ റീത്തുകൾ. സീറോ മലബാറിലെ സീറോ (Syro) എന്നത് സുറിയാനി ഭാഷയെയാണ് സൂചിപ്പിക്കുന്നത്. പൗരസ്ത്യസുറിയാനി ഭാഷ ആരാധനക്രമഭാഷയായി സ്വീകരിച്ചതു നിമിത്തം നമ്മുടെ സഭയ്ക്ക് പൗരസ്ത്യസുറിയാനിസഭ എന്ന പേരു ലഭിച്ചു.

# സീറോ മലബാർ സഭയും മാർ സ്ലീവായും

**ദേവീ മേനോൻ (റോസ് മരിയ)**
**ബംഗളൂരു**



യൂദന്മാരുടെ സംസാരഭാഷ (ഈശോയുടെ മാതൃഭാഷ) അറമായ (സുറിയാനി) ആയിരുന്നല്ലോ. അതിനാൽ ശ്ലീഹന്മാരുടെ അവ്യവസ്ഥാപിത ഭാഷ സുറിയാനിയാണ്. ക്രിസ്തുവർഷത്തിനു മുമ്പുതന്നെ ഇന്ത്യ, പേർഷ്യ, ഈജിപ്ത് തുടങ്ങിയ പല രാജ്യങ്ങളും തമ്മിൽ വാണിജ്യബന്ധം ഉണ്ടായിരുന്നെന്ന് ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. കേരളത്തിന്റെ വിസ്തൃതമായ തുറമുഖങ്ങൾ അറബികൾ, ഗ്രീക്കുകാർ, യഹൂദർ, റോമാക്കാർ, ചൈനാക്കാർ എന്നിവരെ വാണിജ്യാവശ്യത്തിനായി ഇവിടെ എത്തിച്ചു. എ.ഡി. 52 ൽ ചേരസാമ്രാജ്യത്തിന്റെ പ്രധാന തുറമുഖമായിരുന്ന മുസിരിസ്സിൽ തോമാശ്ലീഹാ കപ്പൽമാർഗ്ഗം വന്നിറിങ്ങി. ഇവിടെയുള്ള യഹൂദന്മാരെയാവണം ആദ്യം ശ്ലീഹാ മാനസാന്തരപ്പെടുത്തിയിരിക്കുക. തോമാശ്ലീഹായുടെ പാരമ്പര്യത്തിലുള്ള (പൗരസ്ത്യസുറിയാനി) പേർഷ്യൻ സഭയുമായി ഇന്ത്യയിലെ സഭ ആദ്യം മുതൽ ബന്ധം പുലർത്തിയിരുന്നു. അങ്ങനെ ഇരുസഭകൾക്കും പൊതുവായി പൗരസ്ത്യസുറിയാനി ആരാധനക്രമം നിലവിൽവന്നു. 16-ാം നൂറ്റാണ്ടുവരെ പേർഷ്യയിൽനിന്നുള്ള മെത്രാന്മാരായിരുന്നു ഇവിടെ ആത്മീയനേതൃത്വം നല്കിയിരുന്നത്.

16-ാം നൂറ്റാണ്ടുമുതൽ 19-ാം നൂറ്റാണ്ടിന്റെ പകുതിവരെ വിദേശ ആധിപത്യത്താൽ പല മാറ്റങ്ങൾ സംഭവിക്കുകയും മാർത്തോമ്മാ നസ്രാണിസഭ ലത്തീൻ പാരമ്പര്യത്തിനു കീഴിലാവുകയും ചെയ്തു. അന്നു മുതൽ വിശ്വാസ പാരമ്പര്യസംരക്ഷണത്തിനും സ്വയം ഭരണാധികാരത്തിനുമുള്ള ശ്രമത്തിലായിരുന്നു നമ്മുടെ പൂർവികർ. നൂറ്റാണ്ടുകൾ നീണ്ട പരിശ്രമത്തിനൊടുവിൽ സ്വയം ഭരണാധികാരമുള്ള, ഇന്ത്യമുഴുവൻ അജപാലനാധികാരം ലഭിച്ച, മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഇന്ന് സീറോ മലബാർ സഭ മാറി. ഇന്ത്യയ്ക്കുള്ളിലും പുറത്തുമായി 34 രൂപതകളും കാനഡയിൽ എക്സാർക്കേറ്റും ന്യൂസിലന്റിലും യൂറോപ്പിലും അപ്പസ്തോലിക് വിസിറ്റേറ്റർമാരും ഇന്ന് സീറോ മലബാർ സഭയ്ക്കുണ്ട്.



## മാർ സ്ലീവാ: വിശ്വാസജീവിതത്തിന്റെ പ്രതീകം

നമ്മുടെ വിശ്വാസജീവിതത്തിന്റെ ഏറ്റവും മഹനീയമായ പ്രതീകമാണ് മാർ സ്ലീവാ. സ്ലീവാ എന്ന സുറിയാനിവാക്കുകൊണ്ട് പലരും കുരിശ് എന്നാണർത്ഥമാക്കുന്നത്. യഥാർത്ഥത്തിൽ ‘സ്കീപ്പ’ എന്ന വാക്കാണ് കുരിശ്. ‘സ്ലീവാ’ എന്ന പദത്തിനർത്ഥം ഉത്ഥിതൻ (ക്രൂശിക്കപ്പെട്ടവൻ) എന്നാണ്. ‘മാർ’ എന്ന പദത്തിനർത്ഥം ‘എന്റെ കർത്താവ്’ എന്നും. ഉത്ഥിതനായ ഈശോമിശിഹായുടെ പ്രതീകമാണ് ‘മാർ സ്ലീവാ’. ആരാധനാവത്സരകാലത്തിലെ, നാമിപ്പോൾ ആയിരിക്കുന്ന ഏലിയാ-സ്ലീവാ-മൂശക്കാലം വ്യക്തമായി സൂചിപ്പിക്കുന്നുണ്ടല്ലോ ഈശോയുടെ മറ്റൊരു നാമംതന്നെയാണ് ‘സ്ലീവാ’യെന്ന്.

ഭൂമിയിലെ സ്വർഗമായ പരിശുദ്ധ മദ്ബഹായിലെ ദൈവത്തിന്റെ സിംഹാസനമായ (സങ്കീ 26,8) ത്രോണോസിൽ ജീവന്റെ - ഉത്ഥിതന്റെ അടയാളമായി വച്ചിരിക്കുന്നത് ഏവൻഗേലിയോനും (സുവിശേഷം) മാർസ്ലീവായുമാണ്. പ്രകാശത്തിന്റെ അകമ്പടിയും ധൂപാർപ്പണവും സ്നേഹാദരങ്ങളുടെ പ്രതീകമായ ചുംബനവും അവയുടെ മഹത്ത്വത്തെ ഓർമ്മപ്പെടുത്തുന്നു.

പോർച്ചുഗീസ്-യൂറോപ്യൻ മിഷനറിമാരുടെ വരവിനുമുമ്പുവരെ നമ്മുടെ പള്ളികളിൽ ദൈവത്തിന്റെ പ്രതീകമായി മാർസ്ലീവാ മാത്രമേ ഉണ്ടായിരുന്നുള്ളു. ആദ്യനൂറ്റാണ്ടുകളിൽ കുരിശിനോടുള്ള ബഹുമാനം ഉണ്ടായിരുന്നില്ല എന്നു പറയുന്നത് തീർത്തും യോജിക്കാനാവാത്ത കാര്യമാണ്. ശ്ലീഹന്മാർ കുരിശിനെ ബഹുമാനിച്ചിരുന്നു എന്നു വ്യക്തമാക്കുന്ന വചനങ്ങൾ വി. പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളിൽ നാം കാണുന്നുണ്ടല്ലോ (1 കൊറി 1,23; ഗലാ 6,14).

മാർ തോമാശ്ലീഹായിൽനിന്നും വിശ്വാസവെളിച്ചം സ്വീകരിച്ച നാം മാർസ്ലീവാ ഭക്തിയും മാർ തോമ്മാമാർഗ്ഗവും (മാർ തോമ്മാ നസ്രാണികളുടെ പാരമ്പര്യത്തിൽ അധിഷ്ഠിതമായ സഭാജീവിതശൈലി) പിന്തുടരുവാനും വരുംതലമുറകളിലേക്കു പകർന്നുകൊടുക്കുവാനും കടപ്പെട്ടവരാണെന്നത് മറക്കാതിരിക്കാം. സീറോ മലബാർ സഭയുടെ ആരാധനക്രമത്തിൽ അധിഷ്ഠിതമായ, പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ക്രൈസ്തവാദ്ധ്യാത്മിക ജീവിതം നയിക്കാം. അതോടൊപ്പം വിശ്വാസപാരമ്പര്യം സൂക്ഷിക്കേണ്ടത് മറ്റു രീതികൾ പിന്തുടരുന്നവരെ കുറ്റപ്പെടുത്തിയോ അവഹേളിച്ചോ അല്ല എന്നതും ഓർക്കാം.




**സീറോ മലബാർസഭയുടെ മല്പാനും അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ മേജർ ഫാദറും പരമാവധി സ്നേഹത്തിന്റെ പ്രേഷിതകുടുംബത്തിന്റെ സ്ഥാപകഡയറക്ടറുമായ ഞങ്ങളുടെ സ്നേഹബഹുമാനപ്പെട്ട മാത്യു വെള്ളാനിക്കലച്ചന് നാമഹേതുകതിരുനാളിന്റെയും (സെപ്റ്റംബർ 21) ജന്മദിനത്തിന്റെയും (സെപ്റ്റംബർ 25) പ്രാർത്ഥനാശംസകൾ സ്നേഹപൂർവ്വം നേരുന്നു.**

***അപ്പസ്തോലിക് ഒബ്ലേറ്റ്സ്***
***അപ്പസ്തോലിക് സൊദാലെസ്***
***സോഷ്യൽ ആനിമേറ്റേഴ്സ്***

# വിശുദ്ധി എല്ലാവർക്കുമുള്ളത്

ആനന്ദിച്ച് ആഹ്ലാദിക്കുവിൻ-2



**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

**വി**ശുദ്ധിയിലേക്ക് ഓരോരുത്തരെയും ദൈവം വ്യക്തിപരമായി വിളിക്കുന്നുണ്ട്. ദൈവം പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാവരും പരിശുദ്ധരായിരിക്കണമെന്ന് (ലേവ്യ 11,44) ദൈവം ആഗ്രഹിക്കുന്നു, എല്ലാവരെയും അതിലേക്കു ക്ഷണിക്കുന്നു. ഓരോരുത്തരെയും ദൈവം വിളിക്കുന്നത് അവരുടെ പ്രത്യേക അവസ്ഥകളിൽ തന്നെയാണ്. ഒരു വ്യക്തിയുടെ അവസ്ഥയോ സ്ഥിതിയോ എന്തുതന്നെ ആയാലും അവർക്ക് പ്രത്യേകമായി ദൈവം ഒരുക്കിയിട്ടുള്ള ആ മാർഗ്ഗത്തിലൂടെത്തന്നെ വിശുദ്ധിയിലേക്ക് ചരിക്കുവാൻ സാധിക്കും (LG 11).

നാം നമ്മുടേതായ മാർഗ്ഗത്തിലാണ് വിശുദ്ധരായിത്തീരേണ്ടത്. വിശുദ്ധർ നമുക്ക് മാതൃകകളാണ്. വിശുദ്ധർ അവർക്ക് നൽകപ്പെട്ട ജീവിതാവസ്ഥയിൽ വിശുദ്ധി പ്രാപിച്ചു. അവരിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് നാം നമ്മുടേതായ വഴിയെ വിശുദ്ധി പ്രാപിക്കണമെന്ന് ഫ്രാൻസിസ് മാർപാപ്പ പ്രത്യേകം ഓർമ്മിപ്പിക്കുന്നുണ്ട്.

## വിശുദ്ധി എല്ലാവർക്കുമുള്ളത്

മെത്രാനോ, വൈദികനോ, കന്യാസ്ത്രീക്കോ മാത്രം മാറ്റിവയ്ക്കപ്പെട്ടിട്ടുള്ളതല്ല വിശുദ്ധി. മറിച്ച്, "സ്നേഹത്തിലധിഷ്ഠിതമായ ജീവിതം നയിച്ചുകൊണ്ട് എല്ലാവരും വിശുദ്ധി കൈവരിക്കണം. സമർപ്പിതജീവിതം നയിക്കുന്നവരും വിവാഹിതരും ഉപജീവനത്തിനുവേണ്ടി ജോലി ചെയ്യുന്നവരും മാതാപിതാക്കളും അധികാരസ്ഥാനത്തിരിക്കുന്നവരുമെല്ലാം, തങ്ങൾ ഏതവ

സ്ഥയിലാണെങ്കിലും വിശുദ്ധി പ്രാപിക്കണം. വിശുദ്ധി പ്രാപിക്കാൻ വലിയ കാര്യങ്ങളൊന്നും ചെയ്യണമെന്നില്ല; മറിച്ച് അനുദിന ജീവിതത്തിലെ ചെറിയ പ്രവൃത്തികളിലൂടെ വിശുദ്ധി നേടിയെടുക്കുവാൻ സാധിക്കും. അയൽപക്കത്തെ സ്ത്രീ മറ്റൊരാളെക്കുറിച്ച് ദൂഷണം പറയുമ്പോൾ താനതിനെക്കുറിച്ച് അതിനോടു ചേർന്ന് ഒന്നും പറയുകയില്ലന്ന് തീരുമാനിക്കുന്നതും, വിഷമിച്ചിരിക്കുന്ന മകന്റെ പരിഭവങ്ങളും വിഷമങ്ങളുമെല്ലാം ക്ഷമയോടെ അമ്മ കേൾക്കുന്നതും, ഇല്ലാത്ത വ്യക്തിക്കു ഹൃദയം നിറഞ്ഞ സ്നേഹത്തോടെ ഭക്ഷണംകൊടുക്കുന്നതുമെല്ലാം വിശുദ്ധിയുടെ ചെറിയ പ്രവൃത്തികളാണ്.

### വിശുദ്ധി-ഈശോയിലുള്ള നമ്മുടെ ദൗത്യം

ഓരോ വ്യക്തിയുടെയും വിശുദ്ധീകരണം ദൈവം ആഗ്രഹിക്കുന്നുണ്ട് (1 തെസ4,3). ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം വിശുദ്ധി എന്നത് ജീവിതത്തിൽ പ്രതിഫലിപ്പിക്കുകയും സാക്ഷാത്കരിക്കുകയും ചെയ്യേണ്ട ഒരു ദൗത്യമാണ്. ഓരോ വിശ്വാസിയും ഈ ദൗത്യത്തിന്റെ സമ്പൂർണ്ണമായ അർത്ഥം കണ്ടെത്തുന്നത് ഈശോമിശിഹായിലാണ്. ഈശോയുമായുള്ള ഒരു ഐക്യമാണിത്. രണ്ടു തലങ്ങളിൽ ഇതു സാധ്യമാണ്. ഒന്നാമതായി, ഈശോയോടൊത്ത് നിരന്തരം മരിക്കുകയും പുതുതായി ഉയിർക്കുകയും ചെയ്തുകൊണ്ട് അവിടുത്തോട് ഐക്യപ്പെടുന്നതുവഴി. രണ്ടാമതായി, ഈശോയുടെ മൗതികശരീരത്തിലെ വിവിധ വശങ്ങൾ നമ്മുടെ ജീവിതത്തിൽ പകർത്തുന്നതിലൂടെ. സമൂഹത്തിലുള്ളവരോട് ഈശോ കാണിച്ച സ്നേഹവും അവിടുത്തെ കാരുണ്യവും പുറംതള്ളപ്പെട്ടവരോടുള്ള പരിഗണനയുമൊക്കെ നാം ജീവിതത്തിൽ പകർത്തണം. 'സ്നേഹത്തിന്റെ പാത' ഉപേക്ഷിക്കാത്ത ഒരു യാത്രയാണ് നമ്മൾ നടത്തേണ്ടത്.

### നമ്മെ വിശുദ്ധീകരിക്കുന്ന പ്രവർത്തനങ്ങൾ

നാം ചെയ്യുന്ന ഓരോ പ്രവർത്തനവും നമ്മെ വിശുദ്ധീകരിക്കുന്നതാകണം. സഹോദരങ്ങളോടൊത്തുള്ള പരസ്പര പ്രവർത്തനങ്ങൾക്കിടയിൽനിന്നും നിശബ്ദതയെ ഇഷ്ടപ്പെട്ട് ഒഴിഞ്ഞുമാറുന്നതും, ശുശ്രൂഷയെ തിരസ്കരിച്ച് പ്രാർത്ഥനയെതേടുന്നതും വിശുദ്ധീകരിക്കുന്ന പ്രവർത്തനങ്ങളല്ല. നമ്മുടെ ദൗത്യം ഉത്തരവാദിത്വത്തോടും ഉദാരമായും നിർവഹിക്കുമ്പോഴാണ് നാം വിശുദ്ധിയിൽ വളരുന്നത്. ഒരു വ്യക്തിയുടെ അമിതമായ ഉത്കണ്ഠയോ അഹങ്കാരമോ അദ്ദേഹം മറ്റുള്ളവരിൽ മതിപ്പുളവാക്കാൻ വേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളോ ഒന്നും വിശുദ്ധിയിലേക്കു നയിക്കുന്നതല്ല. ആധുനികലോകത്തിന്റെ ആകർഷണങ്ങളിലേക്കും വ്യതിചലനങ്ങളിലേക്കും പതറിപ്പോകാതെ നമ്മുടെ ദൗത്യത്തോട് അനിഷ്ടം തോന്നിക്കത്തക്കരീതിയിലുള്ള ശൈലികളോട് ചേരാതെ, ആത്മീയതയെ മന്ദീഭവിപ്പിക്കുന്ന പ്രവർത്തനങ്ങളോട് കൂട്ടുകൂടാതെ ജീവിക്കുമ്പോൾമാത്രമേ വിശുദ്ധിയുടെ വഴിയെ നടക്കാനാവുകയുള്ളു.

### വിശുദ്ധിയെക്കുറിച്ചുള്ള ചിന്ത ഊർജ്ജസ്വലരാക്കും

പരി. ഫ്രാൻസിസ്പാപ്പ പ്രത്യേകം ഊന്നിപ്പറയുന്ന ഒരു കാര്യമുണ്ട്: "വിശുദ്ധിയെക്കുറിച്ച് ഭയപ്പെടരുത്. അത് നിങ്ങളുടെ ഊർജ്ജമോ ഉന്മേഷമോ ആനന്ദമോ എടുത്തുകളയുകയില്ല". വിശുദ്ധി നമ്മെ എല്ലാത്തരത്തിലുമുള്ള അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുന്ന ഒന്നാണ്. ഈ ചിന്ത മനസിലുണ്ടാകുമ്പോൾ ദൈവത്തോട് നാം വിശ്വസ്തരായിരിക്കുകയും കൂടുതൽ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരും ആകും. ഒരാളുടെ മാനുഷികതയെ വിശുദ്ധി കുറയ്ക്കുകയോ നഷ്ടപ്പെടുത്തുകയോ ചെയ്യുന്നില്ല. മറിച്ച് അത് ഒരുവനെ കൂടുതൽ ഊർജ്ജസ്വലതയുള്ളവനാക്കും. "ജീവിതത്തിലെ ഒരേ ഒരു ദുരന്തം ഒരു വിശുദ്ധനാകാത്തതാണ്" (ലിയോൺ ബ്ലോയി). വിശുദ്ധിയെക്കുറിച്ച് ചിന്തിക്കുന്നതും അതിനനുസരിച്ച് ജീവിക്കുന്നതും ഒരാൾക്ക് ഉന്മേഷം നൽകുന്നതും അത് ജീവിതത്തിന് നേട്ടവുമാണ്. (തുടരും)






# കായേൻ

ഷിജി പറപ്പള്ളിയാത്ത്

ആദ്യ പുരുഷന്റെയും ആദ്യ സ്ത്രീയുടെയും ആദ്യ സന്താനം. ബാല്യത്തിന്റെ വിവരണങ്ങൾ ബൈബിൾ തരുന്നില്ലെങ്കിലും മുതിർന്നപ്പോൾ കായേൻ ആരായിത്തീർന്നു എന്ന് നാം കാണുന്നു. ആദ്യത്തെ കർഷകനും ആദ്യത്തെ കൊലപാതകിയുമായി അവൻ മാറുന്നു. അഹങ്കാരിയും അത്യാഗ്രഹിയും അസൂയാലുവും ധിക്കാരിയുമായിത്തീരുന്നു. തന്റെ അദ്ധ്വാനത്തിന്റെ നല്ലഭാഗം സ്വന്തം ഉപയോഗത്തിനായി മാറ്റിവയ്ക്കുകയും മോശവും ഉപയോഗശൂന്യവുമായവ ദൈവത്തിന് ബലിയർപ്പിക്കുകയും ചെയ്യുന്നു. അവന്റെ ബലി സ്വീകാര്യമായിരുന്നില്ല. ദൈവത്തിൽനിന്നും മനുഷ്യനിൽനിന്നും അകലുന്ന മനുഷ്യന്റെ പ്രതിനിധിയായിരുന്നു കായേൻ. അസൂയയും മാത്സര്യവും അവനിൽ ആഴത്തിൽ വളർന്നിരുന്നു. അതാണത്രേ അവനെ സോദരഘാതകനാക്കിയത്. കൊലപാതകിയായ കായേൻ ദൈവസന്നിധിയിൽ നിന്ന് ഓടിയകലുന്നു. ആ ഓട്ടത്തിൽ ദൈവസ്വരം, മനസ്സാക്ഷിയുടെ സ്വരം, ചെയ്ത പാപത്തിന്റെ സ്വരം അവനെ അസ്വസ്ഥനാക്കുന്നു.

കരുണാമയനായ ദൈവം അവനിൽ ഒരു അടയാളം പതിച്ചു. ആരും അവനെ കൊല്ലാതിരിക്കാൻ! മുൻപ് താക്കീത് നൽകി തിരുത്തി വളർത്തിയ തന്നെ മറന്നിട്ടും അവിടുന്ന് കൊലപാതകിയോട് ഈ കരുണ കാണിക്കുന്നു.

കായേന്റെ കോപഭാവം, വാടിയിരിക്കുന്ന മുഖം ദൈവം കണ്ടതാണ്. "ഉചിതമായതു പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? നല്ലതു ചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽതന്നെ പതിയിരിപ്പുണ്ടെന്ന് ഓർക്കണം. അത് നിന്നിൽ താൽപര്യം വച്ചിരിക്കുന്നു. നീ അതിനെ കീഴടക്കണം" (ഉൽപ 4,67).

ദൈവകരുണ തൊട്ടറിഞ്ഞ കായേൻ പിന്നീട് ഒരു വംശത്തിന് അടിത്തറ നൽകി. ആയുധങ്ങൾകൊണ്ട് പോരാടുന്ന ഒരു വർഗ്ഗത്തിന്റെ പിതാവായി.



**കായേനിൽനിന്ന് പഠിക്കാൻ:**

* അസൂയയും മാത്സര്യവും കോപവും അകറ്റുക.
* ഓരോ മനുഷ്യനും സഹോദരന്റെ സൂക്ഷിപ്പുകാരനാണ്.
* ദൈവസ്വരത്തിന് സ്വയം താഴ്ന്നുകൊടുക്കുക

# കാവലാൾ-൭

**ജാൻസിറ്റീച്ചർ**
**കറുകപ്പറമ്പിൽ**

സബ്ജില്ലാ കലോൽസവം അന്നാണ് തുടങ്ങിയത്. ആദ്യദിനം രചനാമത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള കുട്ടികൾ ജോളിമ്മ റ്റീച്ചറിനൊപ്പം പോയിരുന്നതിനാൽ റ്റീച്ചറിന്റെ പീര്യഡിൽ സംഘഗാനം പ്രാക്ടീസു ചെയ്യുകയായിരുന്നു അവർ. പാട്ടിന്റെ ആരോഹണ വഴിയിൽ പെട്ടെന്ന് സ്റ്റീനായ്ക്കു ശബ്ദം നഷ്ടപ്പെട്ടു. അവൾ പെട്ടെന്നു വിയർക്കാൻ തുടങ്ങി. മറ്റുകുട്ടികൾ എന്തുചെയ്യണമെന്നറിയാതെ പാട്ടുനിർത്തി. നിമ്മി ഓടിച്ചെന്നു ലതറ്റീച്ചറിനെ വിളിച്ചുകൊണ്ടു വന്നു. അവളുടെ സംസാരശേഷി നഷ്ടപ്പെട്ടതുപോലെ ആംഗ്യങ്ങൾ കാണിച്ച് അവൾ പിന്നിലേക്കു മറിഞ്ഞുവീണു. മറ്റദ്ധ്യാപകരും വേഗംതന്നെ അവളുടെ അരികിലേക്കുവന്നു. ലത റ്റീച്ചറിന് ആകെ കരച്ചിൽ വന്നു. 3 ഇനങ്ങൾ അവളെ ആശ്രയിച്ചിരിക്കുന്നതിനാൽ അത്രയും പോയിന്റുകൾ പോകുമല്ലോ എന്നാണ് റ്റീച്ചർ ആദ്യം വിചാരിച്ചത്. പക്ഷേ പെട്ടെന്നു തന്നെ റ്റീച്ചർ ഓർത്തു. അവളിൽ എന്തൊക്കെയോ പ്രത്യേകതകൾ ഉള്ളതല്ലേ, ചിലപ്പോൾ ശരിയാകും. ദൈവം അത്ഭുതം പ്രവർത്തിക്കും. മനസ്സു കൊണ്ട് റ്റീച്ചർ പ്രാർത്ഥിക്കുകയായിരുന്നു.

ഉച്ചവരെ അവൾ അതേ കിടപ്പുകിടന്നു. ആശുപത്രിയിൽകൊണ്ടുപോകുവാൻ അധ്യാപകർ ശ്രമിച്ചെങ്കിലും അതുവേണ്ടാ എന്ന് അവൾ എഴുതിക്കാണിച്ചു. ഉച്ചയ്ക്ക് ശാലയിൽപ്പോയി ഭക്ഷണം കഴിച്ചതിനുശേഷം അവൾ ചാപ്പലിൽപോയിരുന്നു. കണ്ണടച്ച് കണ്ണുനീർ വാരിയെറിഞ്ഞ് അവൾ അവിടെത്തന്നെയായിരുന്നു. ഇടയ്ക്കു ഗൊരേത്തിയമ്മ അവളുടെ അടുത്തുവന്നിരുന്നു. 3 മണികഴിഞ്ഞപ്പോൾ ലതറ്റീച്ചർ ചാപ്പലിലേക്കു വന്നു അവളെ പുറത്തേക്കുവിളിച്ചു പറഞ്ഞു: “മോളെ സ്റ്റീനാ, നീയില്ലാതെ ഒന്നും ശരിയാകുന്നില്ലെടീ...” അവൾ ആഗ്യം കാണിച്ചു പറഞ്ഞു: “നാളെ ഞാൻ പാടും”.

മനുഷ്യബുദ്ധിക്കു മനസ്സിലാക്കാനാവാത്തതാണ് ദൈവത്തിന്റെ അത്ഭുത പ്രവൃത്തികൾ. യുക്തികൊണ്ടോ സിദ്ധികൊണ്ടോ അതളക്കാനാവില്ല. മനുഷ്യദൃഷ്ടിയിൽ നിസ്സാരമായതിനെ ദൈവം മകുടമണിയിച്ചു മഹത്ത്വീകരിക്കുന്നത് മനുഷ്യന് മനസ്സിലാക്കാവുന്ന യാഥാർഥ്യമല്ല. അന്ന് വൈകിട്ട് കുട്ടികളെല്ലാവരും ഉറങ്ങിക്കഴിഞ്ഞപ്പോൾ അവൾ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ബൈബിൾ തുറന്നപ്പോൾ വീണ്ടും അതേ വചനം അവളുടെ കണ്ണുകളിൽ പതിഞ്ഞു... “വിശ്വസിച്ചാൽ നീ ദൈവമഹത്ത്വം ദർശിക്കും”.

അന്നും മുറ്റമടിക്കുന്ന ഗ്രൂപ്പിലായിരുന്നു അവൾ. മേഴ്സിയോടൊപ്പം വെളുപ്പിനെ എഴുന്നേറ്റ് അവൾ മുറ്റമടിക്കാൻ തുടങ്ങി. “എന്റെ സ്റ്റീനാ, നിനക്കു സമ്മാനം കിട്ടുമെന്ന് ഞാൻ എത്രപേരോട് പറഞ്ഞതാ. എന്താടീ ദൈവം ഇങ്ങനെ...?” സ്റ്റീനാ ആംഗ്യം കാണിച്ചു... “അങ്ങനെയൊന്നും പറയരുത്”. വിശുദ്ധ കുർബാനയ്ക്കു പോയി. പ്രാർത്ഥിക്കാൻ ശ്രമിച്ചിട്ട് അവളുടെ വായിൽനിന്നും ഒരു ശബ്ദവും വന്നില്ല. പക്ഷേ വിശുദ്ധ കുർബാന സ്വീകരിച്ച് തിരികെ വന്ന് കർത്താവിന് നന്ദിപറഞ്ഞ് അവൾ മുട്ടുകുത്തിയപ്പോൾ താനെന്നും പടം വച്ചു പ്രാർത്ഥിക്കുന്ന സിസ്റ്ററിന്റെ നിഴൽ അവൾ കണ്ടു. സിസ്റ്റർ ഫൗസ്റ്റീനാ... കരുണയുടെ കർത്താവാണ് താനെന്ന് കർത്താവ് വെളിപ്പെടുത്തിക്കൊടുത്ത വിശുദ്ധ. തന്റെ പേരിന്റെ കാരണക്കാരി. ആ നിഴലും അവൾക്കൊപ്പം മുട്ടുകുത്തി പ്രാർത്ഥിക്കുന്നതായി അവൾക്കുതോന്നി. പതിയെ ആ നിഴൽ പ്രകാശത്തിലേക്കു കടന്നുവന്നു. അവളെ നോക്കി പുഞ്ചിരിച്ച് മാഞ്ഞുപോയി. തനിക്കു വേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കാൻ കർത്താവ് അയച്ചുതന്ന വിശുദ്ധയാണതെന്ന് അവൾക്കു മനസ്സിലായി. വി. കുർബാന കഴിഞ്ഞപ്പോൾ മാതാവിന്റെ ഒരു പാട്ടാണ് കുട്ടികൾ പാടിയത്. സ്റ്റീനാ വായ് തുറന്നു പാടാൻ ശ്രമിച്ചു. അവളുടെ ശബ്ദം തിരികെ വന്നിരിക്കുന്നു! കുട്ടികളും സിസ്റ്റേഴ്സുമെല്ലാം പാട്ടു നിർത്തി. അവളുടെ പാട്ടുമാത്രം പള്ളിയിൽ മുഴങ്ങി. കരയണോ ചിരിക്കണോ എന്നറിയാത്ത ആത്മസന്തോഷത്തോടെ അവളാഗാനം ആലപിച്ചു.



അന്ന് മത്സരത്തിന് പോകേണ്ടവർ യൂണിഫോം അണിഞ്ഞുകൊണ്ടിരിക്കുമ്പോൾ സ്റ്റീനാ ഓടിവരികയായിരുന്നു. നിരാശയോടെ നിന്നിരുന്ന കുട്ടികളോട് അവൾ പറഞ്ഞു... “കർത്താവെനിക്ക് ശബ്ദം തിരിച്ചുതന്നു”. “ഹേയ്...” വലിയ ആരവത്തോടെ ആ പെൺകുട്ടികൾ മുകളിലേക്കുചാടി. അതു കേട്ടുകൊണ്ടാണ് ലതറ്റീച്ചറും ഹെഡ്മിസ്ട്രസും അവിടേയ്ക്കു വന്നത്. “എന്നതാ പിള്ളേരേ, ഇത്...” എന്നു ചോദിച്ച് ദേഷ്യപ്പെട്ടുവന്ന ഹെഡ്മിസ്ട്രസ് കാര്യമറിഞ്ഞപ്പോൾ അവളെ കെട്ടിപ്പിടിച്ചു ചുംബിച്ചു. അവൾ പങ്കെടുത്ത മൂന്നിനങ്ങളിലും അവൾക്കായിരുന്നു ഒന്നാം സ്ഥാനം. എല്ലാവരും അഭിനന്ദനങ്ങൾകൊണ്ടു പൊതിയുമ്പോൾ അവൾ കണ്ണീരോടെ കർത്താവിനു നന്ദിപറയുകയായിരുന്നു.

(തുടരും)



സ്നേഹം: പാഠവും പഠനവും-6

# സ്നേഹത്തിൽ ചാലിച്ച ഹൃദയം

റവ. ഡോ. ജേക്കബ് കോയിപ്പള്ളി
കാനാ, തുരുത്തി

**സ്**നേഹിച്ചു തുടങ്ങുമ്പോൾ, സ്നേഹകേന്ദ്രത്തിലേക്ക് എന്ന തീരുമാനത്തിലെത്തുമ്പോൾ, മനുഷ്യൻ സ്വന്തം ദേശത്തെയും പിതൃഭവനത്തെയും വിട്ടു യാത്രകൾ ചെയ്യും. ഏറ്റവും പ്രിയപ്പെട്ടവ, മറുചോദ്യമില്ലാതെ ബലിയർപ്പിക്കും. എല്ലാം ദൈവം തരും എന്ന വിശ്വാസത്തിൽ മരണത്തിന്റെ നിഴലിലും അവൻ പതറാതെ മനസുവയ്ക്കും. അഗ്നിയുടെ നടുവിൽ കിടക്കുമ്പോഴും സ്തോത്രഗാനങ്ങൾ അവന്റെ നാവിന് അന്യമല്ല.

ജീവിതത്തിൽ മനുഷ്യൻ കല്ലെറിഞ്ഞു കൊല്ലുന്ന ഒരു സാഹചര്യമാണ് മംഗളവാർത്ത മറിയത്തിന് സമ്മാനിച്ചത്. പക്ഷേ അതിനു നടുവിൽനിന്ന് സേവനം ചെയ്യാൻ തിരക്കിട്ടുപോയതിന്റെയും സ്തോത്രഗാനം പാടുവാൻ കഴിഞ്ഞതിന്റെയും പിന്നിലെ രഹസ്യം എന്താണ്?

ഉപേക്ഷിക്കാൻ തീരുമാനിച്ചിരുന്ന ഗർഭിണിയായ മറിയത്തെ, ഒരു സ്വപ്നത്തിന്റെ ബലത്തിൽ എഴുന്നേറ്റ്, വീണ്ടും സ്വീകരിക്കുവാൻ യൗസേപ്പിനെ നയിച്ച രഹസ്യം എന്തായിരുന്നു?

ഔഷ്വിറ്റ്സിലെ, എനിക്കു ഭാര്യയും മക്കളുമുണ്ടേ എന്നു നിലവിളിച്ച് വിങ്ങിപ്പൊട്ടിയ മനുഷ്യനു വേണ്ടി സ്വയം ജീവൻ സമർപ്പിക്കുവാൻ തയ്യാറായ കോൾബയെ നയിച്ച രഹസ്യം എന്താണ്?

തന്റെ ശരീരത്തിൽ ഇഞ്ചുകൾ ഇടവിട്ട് പരിക്കേൽപ്പിക്കുമ്പോഴും പാപത്തെക്കാൾ മരണം എന്നു കരുതുകയും അലക്സാണ്ടറോട് ഞാൻ ക്ഷമിക്കുന്നു എന്നു പറയുകയും ചെയ്ത 12 വയസുകാരിയുടെ ജ്ഞാനരഹസ്യം എന്തായിരുന്നു?

പ്രസംഗമധ്യേ, പ്രാർത്ഥനാമധ്യേ ചുണ്ടിന്റെ ഒരു വശത്തുകൂടി ഉമിനീർ ഒലിച്ചിറങ്ങുമ്പോഴും തന്റെ ആചാര്യശുശ്രൂഷ ഒരുപാട് വേദനകളോടുകൂടി ചെയ്ത വി. ജോൺ പോൾ രണ്ടാമന്റെ സഹനരഹസ്യം എന്തായിരുന്നു?

സ്നേഹമാണ് സർവോത്കൃഷ്ടം എന്ന പൗലോസിന്റെ വെളിപ്പെടുത്തൽ, സർവ്വോപരി ഈശോയുടെ പെസഹാ രാത്രിയിലെ സ്നേഹത്തിന്റെ പാദം കഴുകൽ, നിന്റെ ഇഷ്ടം നിറവേറട്ടെ എന്ന സ്നേഹരഹസ്യത്തിന്റെ ആന്തരികഭംഗി... ഇതെല്ലാം ഇവരുടെ ആത്മശരീരങ്ങളെ ഗ്രസിച്ചു എന്നുള്ളതാണ് ഈ രഹസ്യങ്ങൾക്കു പിന്നിലുള്ളത്.

ഹൃദയമാകുന്ന കോവിലിൽ സ്നേഹമാകുന്ന കെടാവിളക്ക് ജ്വലിച്ചു നിൽക്കണം.... ആ സ്നേഹത്തിന്റെ പരിമളമാണ് നീ അർപ്പിക്കുന്ന ധൂപകലശം... പിന്നെ അവിടെ പൂക്കൾ വേണ്ട. സ്നേഹത്തിൽ ചാലിച്ച ഹൃദയത്തേക്കാൾ വലിയ അലങ്കാരം ദൈവത്തിന് നൽകാനില്ലല്ലോ.



# മരിച്ചാലും മറക്കില്ലാട്ടോ...

ജിജി പുല്ലത്തിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഒന്നു ചോദിച്ചോട്ടെ...

ആരെ തകർക്കാനാ...

ചമഞ്ഞൊരുങ്ങി നടത്തുന്ന ഈ ചാനൽ ചർച്ചകൾ...

ആരെ ഉദ്ദേശിച്ചിട്ടാ...

വിലപ്പെട്ടതിനെയൊക്കെ വിലയില്ലാത്ത വാക്കുകൾകൊണ്ട് വിൽപ്പനചരക്കാക്കുന്നത്...

എത്രനാളായി മെഗാസീരിയലുകളെപ്പോലും ലജ്ജിപ്പിക്കുന്ന വമ്പൻ മെഗാ മെഗാ ചർച്ചകൾ...

പങ്കെടുക്കുന്നവരും അഭിനേതാക്കളും അറിയുക

ആന്റിക്ലൈമാക്സ്..

കാണുക...

കുമ്പസാരക്കൂടിനു മുമ്പിൽ വിശ്വാസികളുടെ നീണ്ടനിര...എത്രമാത്രം ആക്ഷേപിക്കുന്നുവോ അത്രമാത്രം ആവേശത്തോടെയാ ക്രിസ്ത്യാനികൾ കൂദാശകൾ സ്വീകരിക്കുന്നത്... അക്രൈസ്തവർപ്പോലും കുമ്പസാരമെന്ന കൂദാശയ്ക്കു ദൈവശാസ്ത്രപരമായ വ്യാഖ്യാനങ്ങൾ നല്കി ആധികാരികത നൽകുന്നു...

അങ്ങനെയാ കത്തോലിക്കാ സഭ... രക്തസാക്ഷികളുടെ ചുടുനിണത്തിലാ ഈ സഭ വളർന്നതും വളരുന്നതും പടർന്നു പന്തലിക്കുന്നതും...

പഴുത്തു പുഴുത്ത ചീഞ്ഞ പഴം കയ്യിലെടുത്ത് നിങ്ങൾ ദുർഗന്ധം അനുഭവിക്കുമ്പോൾ... കുമ്പസാരമെന്ന കൂദാശയിലൂടെ കർത്താവ് എത്രയോ നല്ലവനാണെന്ന് ഞങ്ങൾ അനുഭവിച്ച് അറിയുകയാണ്... ആനന്ദിച്ച് ആഹ്ലാദിച്ച് പരിശുദ്ധിയുടെ പരിമളം ആസ്വദിക്കുകയാണ്.

കുമ്പസാരരഹസ്യം കാത്തുസൂക്ഷിച്ചതിന് കൊല ചെയ്യപ്പെട്ട വിശുദ്ധരായ വൈദികരെ നിങ്ങൾ മനഃപൂർവം മറന്നാലും ഞങ്ങൾ മറക്കില്ല. മരിച്ചാലും മറക്കില്ല. ഇവരെപ്പറ്റി ഒന്ന് വായിച്ചോളൂ...




**1. വി. ജോൺ നെപുംസ്യാൻ.** ഇന്ന് ചെക്ക് റിപ്പബ്ലിക്ക് എന്ന് അറിയപ്പെടുന്ന ബൊഹിമിയയിൽ 14-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വൈദികനായിരുന്നു ഇദ്ദേഹം. ലോക് അതിരൂപതയിൽ വികാരി ജനറാളായി സേവനം ചെയ്യവേ, പത്നിയായ സോഫിയാ രാജ്ഞിയുടെ കുമ്പസാര രഹസ്യം വെളിപ്പെടുത്തണം എന്ന ചക്രവർത്തിയുടെ കല്പന നിരസിച്ചതിനാൽ ഈ വിശുദ്ധനായ വൈദികനെ ക്രൂരമായി പീഡിപ്പിച്ച് റോമിലെ വിറ്റോവാ നദിയിലേക്ക് വലിച്ചെറിഞ്ഞു കൊന്നുകളയുകയായിരുന്നു.

**വി. മാത്തെയോ കൊറേയ:** 1927-ൽ ക്രിസ്റ്റീറോ യുദ്ധസമയത്ത് മെക്സിക്കൻ ഗവൺമെന്റിനെതിരെ കലാപം നടത്തിയതിന് തടവിലാക്കപ്പെട്ട കലാപകാരികളുടെ കുമ്പസാരം കേൾക്കവാൻ ഈ വൈദികൻ അയയ്ക്കപ്പെട്ടു. പിന്നീട് ഈ രഹസ്യം വെളിപ്പെടുത്തുവാൻ ജനറൽ യൂലോളജിയുടെ കീഴിലുള്ള സൈന്യം അദ്ദേഹത്തോട് ആവശ്യപ്പെട്ടു. മരണം വരിക്കേണ്ടി വന്നാൽപ്പോലും കുമ്പസാര രഹസ്യം വെളിപ്പെടുത്തുവാൻ ഒരു കത്തോലിക്കാ വൈദികനു സാധിക്കില്ലെന്നു പറഞ്ഞ അദ്ദേഹത്തെ അതിന്റെ പേരിൽ പിന്നീട് വെടിവച്ചു കൊല്ലുകയാണുണ്ടായത്.

**ഫാ. ഫെലിപ്പ് സീസർ:** സ്പെയിനിലെ ആഭ്യന്തര യുദ്ധകാലത്ത് മതപീഡനത്തിന്റെ ഭാഗമായി 1936-ൽ ഫാ. ഫെലിപ്പ് തടവിലാക്കപ്പെട്ടു. തടവറയിൽവച്ചു സഹതടവുകാരനും ഫ്രാൻസിലെ ഒരു സന്യാസിയുമായ ആൻഡ്രിസിന്റെ കുമ്പസാരം കേട്ട അദ്ദേഹത്തോട് കുമ്പസാര രഹസ്യം വെളിപ്പെടുത്താൻ സൈന്യം ആവശ്യപ്പെട്ടു. അതിനു തയ്യാറാകാത്ത വൈദികനെ സൈന്യം വെടിവച്ചു കൊല്ലുകയാണ് ഉണ്ടായത്.



ഇവരെപ്പോലെ അനേകരുണ്ട്. കേരളസഭയിലെ ഓണംകുളത്തച്ചന് നിങ്ങളെന്താ യാതൊരു വാർത്താപ്രാധാന്യവും നല്കാത്തത്? ഇവരുടെ വിശുദ്ധഗണത്തിലേക്ക് ഇനിയും കത്തിജ്വലിക്കുന്ന അനേകം വിശുദ്ധരുണ്ടാകുമെന്നു തീർച്ച. കാരണം അവർ ഒന്നുചേർന്നു പ്രാർത്ഥിക്കുന്നത് അവരുടെ ജീവിതത്തിലൂടെ അന്വർത്ഥമാക്കുകയാണ്.

*നമ്മുടെ സേവനം സ്വർഗത്തിലാകുന്നു*

*ഞങ്ങൾ വിശ്വാസംവഴിയായ്*
*ജീവിക്കുന്നീ ഭുവനത്തിൽ*
*ഭൗതികദൃഷ്ടിയെ വെല്ലുകയാൽ*
*ഞങ്ങളിഹത്തിൽ പുലരുമ്പോൾ*
*നിന്നിൽനിന്നതി ദൂരത്തായ്*
*കഴിയുകയാണെന്നറിയുന്നു*
*നാഥാ നിന്നെത്തേടുന്നു*
*മരണംവഴിയായ് സ്വർഗത്തിൽ*
*ശാശ്വതശാന്തി നുകർന്നിടുവാൻ*
*നിന്നോടൊത്തു വസിച്ചിടുവാൻ*
*കർത്താവേ കൃപ ചെയ്യണമേ*

(ഏലിയ സ്ലീവാ മൂശ കാലം,
ശനി-ലെലിയാ)

**കുമ്പസാരത്തിന്റെ രഹസ്യം വ്യവസ്ഥാതീതമാണ്. കുമ്പസാരക്കൂട്ടിൽ വച്ചു മനസ്സിലാക്കിയ എന്തെങ്കിലും വിവരം മറ്റൊരു വ്യക്തിയോടു പറയുന്ന വൈദികൻ സഭാഭ്രഷ്ടനാക്കപ്പെടും. പോലീസിനോടുപോലും ഒരു വൈദികന് എന്തെങ്കിലും പറയാനോ സൂചിപ്പിക്കാനോ പാടില്ല. കുമ്പസാര രഹസ്യമുദ്രയെക്കാൾ കൂടുതൽ ഗൗരവപൂർവം ഒരു വൈദികൻ കരുതുന്ന മറ്റൊന്നും തന്നെയില്ല.**

**അതിനുവേണ്ടി പീഡനം സഹിച്ചിട്ടുള്ള**
**വൈദികരുണ്ട്. മരണം വരിച്ചവരുണ്ട്.**


**YOU CAT 238**



# സമർപ്പണം

**ഫാ. ഷിബു പുളിക്കൽ,**
നെരൂൾ, കല്യാൺ

ഒരു ഞായറാഴ്ച അമ്മ കുട്ടിക്ക് രണ്ട് അഞ്ചു രൂപാത്തുട്ടുകൾ കൊടുത്തു. അഞ്ചു രൂപ നേർച്ചയിടാനും അഞ്ചു രൂപ മിഠായി വാങ്ങാനും. ഈ രണ്ട് അഞ്ചുരൂപാത്തുട്ടുകൾ മുകളിലേക്കെറിഞ്ഞ് താഴേക്കു വരുമ്പോൾ പിടിച്ച് അവൻ കളിച്ചുകൊണ്ട് പള്ളിയിലേക്കു പോകുമ്പോൾ ഒരു പാലത്തിൽ വച്ച് അവനെറിഞ്ഞ ഒരു അഞ്ചുരൂപാ താഴേക്കു വന്നപ്പോൾ പിടിക്കാൻ പറ്റിയില്ല. അത് ഉരുണ്ടുരുണ്ട് താഴെ ഒഴുകുന്ന പുഴയിലേക്കു വീണുപോയി. കുട്ടിക്ക് സങ്കടം തോന്നിയതേയില്ല. വളരെക്കൂളായി അവൻ പറഞ്ഞു... പാവം ഈശോ, ഈശോയുടെ അഞ്ചുരൂപാ ഒഴുകിപ്പോയി.



നമ്മടെ സമർപ്പണങ്ങളൊക്കെ ഇങ്ങനെയാണ്. ആറ്റുനോറ്റിരുന്നു കിട്ടിയ രണ്ട് കോഴിക്കുഞ്ഞുങ്ങളിൽ ഒരെണ്ണത്തിനെ പുണ്യാളനു നേർന്ന വല്യമ്മച്ചി, കോഴിക്കുഞ്ഞുങ്ങളിൽ ഒരെണ്ണത്തിനെ പട്ടിപിടിച്ചപ്പോൾ പറഞ്ഞു, പുണ്യാളന്റെ കോഴിയെ പട്ടി പിടിച്ചു! നമ്മുടെ സമർപ്പണത്തിൽ സ്വാർത്ഥതയുണ്ട്. നമുക്കുള്ളത് മാറ്റിവച്ചിട്ടേ നമ്മൾ സമർപ്പിക്കൂ. ആബേൽ ചെയ്തതോ, ഉള്ളതിൽനിന്നും ഏറ്റവും നല്ലത് എടുത്തുസമർപ്പിച്ചു. രവീന്ദ്രനാഥ ടാഗോറിന്റെ കവിതയിലെ ഭിക്ഷയായിച്ചു നടന്ന യാചകൻ, രാജാവ് വന്നപ്പോൾ ഭിക്ഷയ്ക്കായി കൈ നീട്ടി. എന്നാൽ രാജാവ് അവന്റെ നേരെ കൈ നീട്ടി. മനസ്സില്ലാമനസോടെ ഭിക്ഷാപാത്രത്തിൽ നിന്ന് ഒരു മണി അരി എടുത്ത് രാജാവിനു കൊടുത്തു. വീട്ടിൽ വന്നു തന്റെ സഞ്ചിയിലെ ധാന്യമണികൾ കുടഞ്ഞിട്ടപ്പോൾ യാചകൻ ഞെട്ടിത്തരിച്ചുപോയി. ഒരു ധാന്യമണി സ്വർണ്ണമായിരിക്കുന്നു. നീട്ടപ്പെട്ട കൈകളിലേക്ക് എല്ലാം കൊടുക്കാമായിരുന്നല്ലോ എന്നോർത്ത് അയാൾ സങ്കടപ്പെട്ടു.

# വിശുദ്ധമീ പൗരോഹിത്യം





വത്സമ്മ മുളവന
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**അ**മ്മയും മകളുംകൂടെ നടക്കാനിറങ്ങി. വഴിയിൽവെച്ച് ഇടവകയിലെ വൈദികനെ കണ്ടുമുട്ടിപ്പോൾ അമ്മ സ്തുതി ചൊല്ലി. മറുപടി പറഞ്ഞശേഷം അച്ചൻ കടന്നുപോയി. മുഖംവീർപ്പിച്ചു നടക്കുന്ന മകളോട് അമ്മ ചോദിച്ചു: "നീയെന്താ അച്ചനെ കണ്ടിട്ട് സ്തുതി ചൊല്ലാതിരുന്നത്? വൈദികരെ കണ്ടാൽ സ്തുതിചൊല്ലണം എന്നു പറഞ്ഞിട്ടുള്ളതല്ലേ?" മകളുടെ മറുപടി ഇങ്ങനെയായിരുന്നു: "ആ അച്ചനെ എനിക്ക് ഇഷ്ടമല്ല". "അതെന്താ?" "ആ അച്ചനു ഭയങ്കര ദേഷ്യമാ. കുട്ടികളോടും വലിയവരോടുമെല്ലാം ദേഷ്യപ്പെടും. പിന്നെ പലരും അച്ചനെപ്പറ്റി കുറ്റങ്ങൾ പറയുന്നതും കേട്ടിട്ടുണ്ട്. ആ അച്ചൻ നല്ല അച്ചനല്ല. നല്ല അച്ചന്മാർക്കേ ഞാൻ സ്തുതി ചൊല്ലുകയുള്ളൂ. അമ്മ പിന്നെ ഒന്നും പറഞ്ഞില്ല. സന്ധ്യാ പ്രാർത്ഥനയ്ക്കു മുമ്പായി ആ അമ്മ രണ്ടു ഫ്ളവർവാസും – ഒന്ന് വളരെ ഭംഗിയും വെടിപ്പുമുള്ളതും ഒന്ന് വക്കുപൊട്ടിയതും – കുറെ വെള്ള ലില്ലിപ്പൂക്കളും മകൾക്കു കൊടുത്തിട്ടു പറഞ്ഞു: "ഈ പൂക്കൾ ഈ രണ്ടു ഫ്ളവർ വാസിലാക്കി വയ്ക്കുക". "ഈ പൊട്ടഫ്ളവർ വാസിലെന്തിനാണ് ഈ മനോഹരമായ പൂക്കൾ വയ്ക്കുന്നത്? നല്ല ഒരുവാസുകൂടി താ. രൂപക്കൂട്ടിൽ വയ്ക്കാനുള്ളതല്ലേ". അമ്മ പറഞ്ഞു: "അതിൽതന്നെ വച്ചാൽ മതി. കാണട്ടെ". മടിച്ചുമടിച്ചാണെങ്കിലും അവൾ രണ്ടു വാസിലും ഒരുപോലെ പൂക്കൾ ക്രമീകരിച്ച് അമ്മയുടെ അടുത്തു കൊണ്ടുവന്നു. അമ്മ ചോദിച്ചു: ''ഇതിൽ ഏതു വാസിലെ പൂക്കൾക്കാണ് ഭംഗി?" മകൾ പറഞ്ഞു: "രണ്ടിലെയും പൂക്കൾ ഒരുപോലെ ഭംഗിയുള്ളതാണ്".

"സമ്മതിച്ചല്ലോ. ഇതുപോലെ തന്നെയാണ് വൈദികരുടെയും കാര്യം. വൈദികരെല്ലാം ദൈവത്താൽ വിളിക്കപ്പെട്ട്, പ്രത്യേക ദൗത്യത്തിനായി അഭിഷിക്തരാക്കപ്പെട്ടവരാണ്. പുരോഹിതപദവി വിശുദ്ധമാണ്; വിശുദ്ധമായ സാക്ഷ്യം ദൈവജനത്തിനു നൽകാൻ കടപ്പെട്ടവരാണ്. പുരോഹിതപദവി സ്വീകരിക്കുമ്പോൾ എല്ലാവരും നല്ലവരാണ്. എന്നാൽ പറുദീസായിൽ പതിയിരുന്ന് ആദിമാതാപിതാക്കന്മാരെ മോഹനവാഗ്ദാനങ്ങളാൽ പ്രലോഭിപ്പിച്ചു പാപത്തിന് അടിമകളാക്കിയ സാത്താൻ, ഇന്നും ദൈവമക്കളെ– പ്രത്യേകിച്ച് പുരോഹിതരെയും സമർപ്പിതരെയും– ലോകമോഹങ്ങളാൽ വശീകരിച്ച് അവരുടെ ലക്ഷ്യത്തിൽനിന്നും വ്യതിചലിപ്പിക്കുവാൻ പരിശ്രമിച്ചുകൊണ്ട് ഓടിനടക്കുന്നു. ഏതാനും പേർ സാത്താന്റെ കെണികളിൽ പെട്ട് അശുദ്ധരായിതീരുന്നു. എന്നാൽ അവരുടെ അഭിഷിക്തപദവി നഷ്ടപ്പെടുന്നില്ല. അതിന്റെ പവിത്രതയ്ക്ക് ഒരു കുറവും വരുന്നുമില്ല. അതുകൊണ്ട് ഇനി ഏതു വൈദികരെ കണ്ടാലും മോൾ സ്തുതിചൊല്ലണം.

**"അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ബഹുമതി ഏറ്റെടുക്കുന്നില്ല" (ഹെബ്രാ 5,4).**

ഒരു വ്യക്തി സ്വീകരിച്ച പൗരോഹിത്യം എന്ന കൂദാശയെയാണ് നമ്മൾ ആദരിക്കുന്നതും ബഹുമാനിക്കുന്നതും. അച്ചൻ തെറ്റു ചെയ്യുമ്പോൾ അദ്ദേഹമാണ് മലിനനാകുന്നത്. അദ്ദേഹത്തിലെ പൗരോഹിത്യം എന്ന കൂദാശയ്ക്ക് ഒരു മങ്ങലും വരുന്നില്ല. ഏതെങ്കിലും വൈദികനോ ഏതെങ്കിലും സമർപ്പിതയോ തെറ്റുചെയ്താൽ പുരോഹിതരേയോ സമർപ്പിതരേയോ അടച്ചാക്ഷേപിക്കുന്നതും മോശമായി ചിത്രീകരിക്കുന്നതും അജ്ഞതയുടെ ഫലമാണ്. എന്നാൽ തെറ്റു ചെയ്തിട്ടുള്ളവർ ആരു തന്നെയായാലും ശിക്ഷിക്കപ്പെടുകതന്നെ വേണം. ഒരു സംഭവമുണ്ടായാൽ അതിനെ വളച്ചൊടിക്കാനും അവരവരുടെ താല്പര്യത്തിനും സ്വാർത്ഥലാഭത്തിനുംവേണ്ടി ഉപയോഗിക്കാനുമാണ് ഇന്നു മാധ്യമങ്ങൾ ശ്രമിക്കുന്നത്. സത്യത്തിന്റെ മുഖം വെളിപ്പെടുത്തുകയാണ് മാധ്യമങ്ങളുടെ കടമ. മുമ്പൊക്കെ ഒരു പരിധിവരെ ആ കടമ മാധ്യമങ്ങൾ നിർവഹിച്ചിരുന്നു. പക്ഷേ ഇന്നത്തെ മാധ്യമങ്ങൾ നല്കുന്നത് സത്യവും വ്യാജവുംകൂട്ടികലർത്തി വാർത്തയ്ക്കു വേണ്ടിയുണ്ടാക്കുന്ന വാർത്തകളാണ്.


പൗരോഹിത്യത്തെ നാം അവഹേളിച്ചാൽ ദൈവശിക്ഷ ലഭിക്കും. അവരുടെ തെറ്റിനു ദൈവം ശിക്ഷ കൊടുത്തുകൊള്ളും. വി.യോഹന്നാൻ ശ്ലീഹാ തന്റെ ഒന്നാം ലേഖനത്തിൽ ഇങ്ങനെ എഴുതുന്നു: "മിശിഹായിൽനിന്നു നിങ്ങൾ സ്വീകരിച്ച അഭിഷേകം നിങ്ങളിൽ നില

നിൽക്കുന്നു” (1 യോഹ 2,27). “ലോകത്തെയോ ലോകത്തിലുള്ള വസ്തുക്കളെയോ നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം അവനിൽ ഉണ്ടായിരിക്കുകയില്ല. എന്തെന്നാൽ ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിന്റേതല്ല. പ്രത്യുത ലോകത്തിന്റേതാണ്” (1 യോഹ2,15-17). ലോകത്തിലാണ് സമർപ്പിതരും പുരോഹിതരും പ്രവർത്തിക്കുന്നതും ശുശ്രൂഷ ചെയ്യുന്നതും. ലോകത്തിലാണെങ്കിലും ലോകത്തിന്റെ അശുദ്ധികളിലും ജഡമോഹങ്ങളിലും ലൗകികതയിലും തിന്മകളിലും വീണു പോകാതെ തങ്ങളുടെ ലക്ഷ്യംതെറ്റിക്കുന്ന വഴികളിൽ നിന്നു മാറിനടക്കേണ്ടവരാണ് സമർപ്പിതരും പുരോഹിതരും. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണെങ്കിലും തങ്ങളും ബലഹീനരായ മനുഷ്യരായതുകൊണ്ട് വീണുപോകാൻ സാധ്യതയുണ്ടെന്നുള്ള അവബോധം അവർക്കുണ്ടായിരിക്കണം. താമരയുടെ വേരുകളെല്ലാം ചേറിലായിരുന്നിട്ടും വെള്ളത്തിനു മുകളിലായി വിടർന്നു നിൽക്കുന്ന പൂവ്, ചേറിന്റെ അംശം പോലുമില്ലാതെ മനോഹരമായി നിൽക്കുന്നു. ഈശോയായിരിക്കണം അവർക്കു മാതൃക. ചിന്തയും പ്രവൃത്തിയും ഈശോയിൽനിന്നും വ്യതിചലിച്ച് മറ്റു സുഖങ്ങൾ തേടിപ്പോകുമ്പോഴാണ് തെറ്റുപറ്റുന്നത്. ദൈവവചനധ്യാനവും പ്രാർത്ഥനയുംവഴി ഈശോയുമായി ചേർന്നുനടക്കുന്ന പുരോഹിതനോ സമർപ്പിതയ്ക്കോ ഒരിക്കലും തെറ്റുപറ്റുകയില്ല. ഇതൊന്നും ഇല്ലാത്തപ്പോഴാണ് ജീവിതം താറുമാറാകുന്നത്. ‘മറ്റുള്ളവരെ വിശുദ്ധീകരിക്കുന്നതിനുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു’ എന്ന ഈശോയുടെ പ്രാർത്ഥന നമുക്കും ജീവിതമാക്കാം.

## ഈശോയുടെ സ്വന്തം

**സ്റ്റെമി സ്റ്റീഫൻ മംഗലത്തുകുന്നേൽ**
**കുളമാവ്**

ഉദയകിരണമെൻ മിഴികളെ തഴുകുമ്പോൾ
ഉലകത്തിനാശയാൽ മയക്കത്തിലെങ്കിലും
ഉണർവോടെ നിൻ പാദങ്ങൾ പുല്കുവാൻ
ഉണരുന്നു നാഥാ ഞാൻ നിൻ സന്നിധേ
കൊഴിയുമെൻ ദിനങ്ങളിലൊക്കെയും
കരതാരിലെന്നെ ചേർത്തണച്ചു നീ
കലങ്ങി മറിയുന്നൊരെൻ ഹൃത്തിലും
ദിവ്യവിരുന്നിലെ ബലിവസ്തുവായി നീ
ദിനംതോറും മുറിയപ്പെടുന്നെനിക്കായ്
ഇത്രമേലെന്നെ നീ സ്നേഹിക്കുവാൻ
എൻ യേശുവേ ഞാനിന്നു യോഗ്യയോ





# സെനക്കിൾ തരംഗം

### സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിൽ ‘ഏലിയാ സ്ലീവാ മൂശക്കാല’ത്തിലേക്കാണല്ലോ നാം പ്രവേശിക്കുന്നത്. സെപ്റ്റംബർ 14-ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലത്തിന്റെ കേന്ദ്രബിന്ദു. താബോർമലയിൽവച്ച് മഹത്ത്വമണിഞ്ഞ ഈശോയുടെ ഇരുവശങ്ങളിലായി മൂശയും ഏലിയായും കാണപ്പെട്ടതുപോലെ കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനു മുമ്പും പിമ്പുമായി ഏലിയായുടെയും മോശയുടെയും പേരിൽ രണ്ടു കാലങ്ങൾ നിലകൊള്ളുന്നത് ശ്രദ്ധേയമാണ്. ഇസ്രായേൽജനതയെ വാഗ്ദത്തനാട്ടിലെത്തിക്കാൻ ജീവിതം സമർപ്പിച്ചവനാണ് മോശ. ഭിന്നിച്ചുപോയ ദൈവമക്കളെ അവരുടെ പിതാക്കന്മാരുടെ ദൈവത്തിലേക്കു തിരിച്ചുകൊണ്ടുവരാനായി അക്ഷീണം പ്രയത്നിച്ച പ്രവാചകനാണ് ഏലിയ. ലോകാവസാനം, മരണം, വിധി എന്നീ വിഷയങ്ങളെക്കുറിച്ച് ദൈവജനത്തെ ബോദ്ധ്യപ്പെടുത്താനുള്ള ഒരു കാലഘട്ടമായി ഈ കാലത്തെ കാണാവുന്നതാണ്. ഇന്നു നവീകരണധ്യാനങ്ങളിൽപോലും ഈ വിഷയങ്ങൾ പ്രതിപാദിക്കപ്പെടാത്ത പശ്ചാത്തലത്തിൽ ഈ കാലഘട്ടത്തിനേറെ പ്രാധാന്യമുണ്ട്. അതുകൊണ്ട് ക്രിസ്തീയജീവിതത്തിന്റെ അന്ത്യാത്മകമാനങ്ങളിൽ വിശ്വാസികളെ ബോധവൽക്കരിച്ചുകൊണ്ട് അജപാലനശുശ്രൂഷ നിർവഹിക്കുവാൻ ഈ കാലഘട്ടം നമുക്കു പ്രചോദനമായിത്തീരട്ടെ.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

### വാർത്തകൾ

ഇറ്റലിയിലെയും മാൾട്ടയിലെയും അപ്പസ്തോലിക് സൊദാലെസ് വൈദികരുടെ വാർഷിക സമ്മേളനം 2018 ഓഗസ്റ്റ് 20 മുതൽ 25 വരെയുള്ള തീയതികളിൽ, ഇറ്റലിയിലെ ‘സുബിയാക്കോ’യിൽ വച്ചു നടന്നു. ഈ സമ്മേളനത്തിൽ, വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എഴുതിയ “ആനന്ദിച്ച് ആഹ്ലാദിക്കുവിൻ” എന്ന അപ്പസ്തോലിക ഉദ്ബോധനം പഠനത്തിനും ധ്യാനത്തിനും വിഷയമാക്കി. പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കാൻ ജനറൽ മേജർ ഫാദർ, മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ ഓഗസ്റ്റ് 20-ാം തീയതി റോമിലേക്കു പോയി. സെപ്റ്റംബർ 7 ന് തിരിച്ചെത്തി. ഇന്ത്യയിലെ അപ്പസ്തോലിക് സൊദാലെസ് വൈദികരുടെ വാർഷികസമ്മേളനം 2018 സെപ്റ്റംബർ 24,25 തീയതികളിൽ കോട്ടയം, സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് നടക്കുന്നതാണ്.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# തകർക്കപ്പെടേണ്ട മതിലുകൾ

**ഷിനി തെരേസ് മുതുപ്ലാക്കൽ**

ദുരന്തദിനങ്ങളിലെ തോരാത്ത മഴയിൽ മനസ്സിൽ ചിന്തകളുടെ തുള്ളികൾ പെയ്തിറങ്ങുകയായിരുന്നു...

മനുഷ്യമക്കളുടെ മനസ്സുമരവിപ്പിക്കുന്ന, മനഃസാക്ഷിയില്ലാത്ത, മനുഷ്യത്വരഹിതമായ ചെയ്തികളിൽ മനംനൊന്ത ഉടയവന്റെ കണ്ണീർക്കണങ്ങൾ മഴമേഘങ്ങളായി പെയ്തിറങ്ങുകയാണോ...?

ജലപ്രളയം... ഉരുൾപൊട്ടൽ... മണ്ണിടിച്ചിൽ... മരണങ്ങൾ... തന്നെ ദുരുപയോഗം ചെയ്യുന്ന മനുഷ്യനെതിരേ പ്രകൃതി സംഹാരതാണ്ഡവമാടുകയാണോ...?

അറിയില്ല...

ചിന്തകൾക്ക് വിരാമമിട്ടത് അയൽവീട്ടുകാരാണ്. അതിർത്തിയിൽ പണിതുയർത്തിയിരിക്കുന്ന മതിലിന്റെ ഭാഗങ്ങൾ തോരാത്ത മഴയിൽ അവരുടെ വീടിന്റെ മുറ്റത്തേക്ക് അടർന്നുവീണുവത്രേ. മഴയിങ്ങനെ തുടർന്നാൽ ബാക്കി ഭാഗങ്ങളും തകർന്ന് തങ്ങളുടെ വീടിനു ക്ഷത മേല്ക്കുമെന്ന് അവർ ഭയപ്പെടുന്നു.

അതിർത്തിയിൽനിന്നും ഒരു ചുവടുവച്ചാൽ അയൽവീട്ടിലെത്താം. എന്നാൽ മതിൽ അതിനു തടസ്സമായി. ലക്ഷ്യസ്ഥാനത്തെത്താൻ ഒരു ചുവടിനു പകരം വയ്ക്കേണ്ടിവന്ന ചുവടുകൾ നീണ്ടത് ഒരു കിലോമീറ്ററിലധികം ദൂരം! മനുഷ്യമനസ്സുകളിൽ കെട്ടിയുയർത്തിയിരിക്കുന്ന മതിലുകളും ഇങ്ങനെതന്നെയല്ലേ... എന്തൊക്കെയോ കാരണങ്ങളാൽ ശത്രുവായിത്തീർന്ന, അല്ലെങ്കിൽ ശത്രുവായി ഞാൻ ഗണിക്കുന്നവനിൽനിന്നും അകന്നുനില്ക്കാൻ ഉയർത്തിക്കെട്ടിയിരിക്കുന്ന മതിലുകൾ!

പ്രളയദിനങ്ങളിൽ മലയാളിമനസ്സുകളിലെ നന്മയുടെ പ്രളയവും വാനോളമുയർന്നു. പരസ്പരസഹായത്തിന്റെയും സഹവർത്തിത്വത്തിന്റെയും സഹാനുഭൂതിയുടെയും സ്വാർത്ഥരഹിതമായ ചിന്തകളുടെയും പ്രവൃത്തികളുടെയും വേലിയേറ്റമുയർത്തിയ സ്നേഹത്തിരമാലകൾ, കേരളമക്കളെ ലോകജനതയുടെ അഭിനന്ദനമർഹിക്കുംവിധം വിണ്ണോളമുയർത്തി. നാടിനെയും നാട്ടാരെയുമോർത്ത് അഭിമാനംപൂണ്ട ദിവസങ്ങൾ...

അനുഭവം നല്കിയ പാഠങ്ങൾ ജീവിതത്തിലൊരിക്കലും മറക്കാനാവാത്തവിധം ഹൃദയത്തിലേറ്റിയവർ തീർച്ചയായുമുണ്ടാകും. എന്നാൽ പ്രളയജലം അപ്രത്യക്ഷമായതുപോലെ, ജലസ്രോതസ്സുകളും നദികളും പെട്ടെന്ന് വറ്റിവരളുന്ന ഇപ്പോഴത്തെ പ്രതിഭാസങ്ങൾപോലെ, മനസ്സുകളിലെ നന്മയുടെ ഉറവയും വറ്റുന്നുവോ...? തകർന്നുവീണ മതിലുകൾ വീണ്ടും കെട്ടിയുയർത്തുകയും അപരന്റെ ജീവിതമാകുന്ന മതിലിൽ കരി വാരിതേയ്ക്കുകയും ചെയ്യുന്നുവോ...?

ബന്ധങ്ങൾ അറുത്തുമുറിക്കാൻ എളുപ്പമാണ്. എന്നാൽ അകന്ന കണ്ണികളുടെ വിളക്കിച്ചേർക്കൽ കൂടുതൽ ആയാസകരമാണ്. ക്ഷമയുടെയും വിട്ടുവീഴ്ചയുടെയും പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും തോരാത്ത മഴയിൽ ശത്രുതയുടെ മതിലുകൾ തകർക്കപ്പെടണം. എങ്കിലേ അരികത്തിരിക്കുന്നവന്റെ അകത്തളങ്ങളിലേക്കു കടന്നുചെന്ന് അവിടെ അലയടിക്കുന്ന സന്തോഷ-സങ്കട വികാരങ്ങളുടെ കയറ്റിറക്കങ്ങൾ കാണാനാവൂ.




**നാം നമ്മുടെ മാനസാന്തരം മരണം വരെ വീണ്ടും വീണ്ടും മാറ്റിവച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, മരണസമയത്ത് അതിനു സമയമോ ശക്തിയോ ലഭിക്കുമെന്ന് ആർക്കു പറയാൻ കഴിയും?**

**വി. ജോൺ മരിയ വിയാനി**

## Mar Sleeva Malpanate Programme

### October

| | |
|---|---|
| 06 | Social Animators |
| 13 | School of Bible |
| 16 | Bible Study Forum |
| 16-17 | Cenacle Gathering (Sodales & Aspirants) |
| 18 | Profession & Jubilee Celebrations |
| 20 | Recollection for Oblates |
| 26-31 | Retreat |

# കുരിശോളം......

ഓരോ ഗാലക്സികൾക്കും ഒരോ ദൈവമുണ്ടെന്നിരിക്കട്ടെ. അങ്ങനെ അനേകം ദൈവങ്ങൾ. വെറുതെ ഒരു സങ്കല്പം. ഒരിക്കൽ പ്രപഞ്ചത്തിലെ ദൈവങ്ങളെല്ലാം യോഗം ചേർന്നു. തങ്ങളുടെ സൃഷ്ടികളെ ഏറ്റവും അധികം സ്നേഹിക്കുന്ന ദൈവത്തെ കണ്ടെത്തി അവനെ ദൈവങ്ങളുടെ രാജാവാക്കുക. കിരീടധാരണവും നടത്തുക.

എല്ലാവരും ദൈവങ്ങളുടെ രാജാവാകാനുള്ള മത്സരത്തിന്റെ തിരക്കിലായിരുന്നു. എന്നാൽ ഒരുവൻ തന്റെ സൃഷ്ടികളെ അകമഴിഞ്ഞ് സ്നേഹിക്കുന്നതിന്റെ മാത്രം തിരക്കിലായിരുന്നു. ഒടുവിൽ തീരുമാനമായി. നമ്മുടെ ദൈവത്തിന് തന്നെ ഒന്നാം സ്ഥാനം.

കിരീടധാരണത്തിനായി എല്ലാ ദൈവങ്ങളും ഒത്തുചേർന്നു. പക്ഷേ നേരത്തേതന്നെ സൃഷ്ടികളെല്ലാം ചേർന്ന് അവന്റെ ശിരസ്സിൽ ഒരു കിരീടമണിയിച്ചു കഴിഞ്ഞിരുന്നു - മുൾക്കിരീടം.

ആ സന്തോഷവാർത്ത കേൾക്കണമെന്ന് അവന് യാതൊരു നിർബന്ധവുമുണ്ടായിരുന്നില്ല. പക്ഷേ അവന് ഒരു നിർബന്ധമുണ്ടായിരുന്നു. താൻ തന്നെയാണ് സ്നേഹമെന്ന് എല്ലാവരും അറിയണമെന്ന്. സ്നേഹത്തിന് മറ്റൊരു വാക്ക് ഒരിടത്തും ഉണ്ടാകരുതെന്ന്.

തുടർന്നുനടന്ന 'ദൈവങ്ങളുടെ രാജാവ്' എന്ന പ്രഖ്യാപനത്തിന് കാതോർക്കാൻ അവന് കഴിഞ്ഞില്ല; കാരണം അവന്റെ ഇന്ദ്രിയങ്ങളെല്ലാം അപ്പോഴേക്കും നിശ്ചലമായിപ്പോയിരുന്നു. ചലനരഹിതമായ കുരിശിനോട് തന്റെ സ്നേഹാർദ്രഹൃദയവും നിശ്ചലമാക്കി ചേർത്തുവച്ചു കഴിഞ്ഞിരുന്നു.

**ടോംസ് ആന്റണി**
**തത്തംപള്ളി**




**സ്റ്റെഫി മംഗലത്തുകുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

പ്രതീക്ഷയില്ലാത്ത ഒരു മനുഷ്യനും ഈ ലോകത്തിലുണ്ടാവില്ല. ഈ നിമിഷം ജനിച്ചുവീഴുന്ന കുഞ്ഞിനും മരണത്തെ മുഖാമുഖം കാണുന്ന വ്യക്തിക്കുമുണ്ട് എന്തെങ്കിലും പ്രതീക്ഷിക്കാൻ. ക്രിസ്ത്യാനികളെന്ന നിലയിൽ ഈ ലോകത്തിനു പ്രതീക്ഷ കൊടുക്കുവാൻ വിളിക്കപ്പെട്ടവരാണു നമ്മൾ.

ഈശോ വന്നത് ഈ ലോകത്തിനു പ്രതീക്ഷ കൊടുക്കാനാണ്. ഉത്ഥാനത്തിലൂടെ കൈവന്ന പ്രതീക്ഷ ലോകത്തിനു കൊടുക്കുവാൻ ശ്ലീഹന്മാർ നിർബന്ധിതരായി. അവരിലൂടെ കൈമാറപ്പെട്ടു കിട്ടിയ വിശ്വാസം ലോകത്തിനു കൊടുക്കുവാൻ നമുക്കു കടമയുണ്ട്. എന്താണു നാം ലോകത്തിനു കൊടുക്കേണ്ടത്? നമുക്കില്ലാത്തതൊന്ന് ലോകത്തിനു കൊടുക്കുവാൻ നമുക്കാവില്ല. അതിനാൽ നാംതന്നെ ആദ്യം പ്രതീക്ഷയുള്ളവരായിരിക്കണം.

യഥാർത്ഥമായ പ്രതീക്ഷ ഒരിക്കലും നമ്മെ നിരാശരാക്കുന്നില്ല. യഥാർത്ഥ പ്രതീക്ഷ ഈശോ തരുന്ന പ്രതീക്ഷയാണ്. അത് സഹനത്തിനും മരണത്തിനും ശേഷം ഉത്ഥാനമുണ്ടെന്ന പ്രതീക്ഷയാണ്. അതിൽ നിരാശയ്ക്കു വകയില്ല. കാര്യങ്ങൾ നമുക്കനുകൂലമാകുമ്പോൾ മാത്രമല്ല, നമ്മുടെ പ്രതീക്ഷയ്ക്കു വിപരീതമായി എന്തു സംഭവിച്ചാലും നാം പ്രതീക്ഷയുള്ളവരായിരിക്കണം. കാരണം അതു ദൈവത്തിന്റെ പദ്ധതിയാണ്.

നമ്മെ സംബന്ധിച്ച ദൈവഹിതം പൂർത്തിയാക്കുവാൻ നാം ദൈവത്തോടു സഹകരിക്കണം. ദൈവഹിതത്തിനു വിധേയരാകുമ്പോഴാണ് നമുക്ക് സന്തോഷിക്കാനാവുക. ഈശോയെ മരണത്തിനു വിട്ടുകൊടുത്തപ്പോഴും മാതാവു നിരാശയിലാഴാതിരുന്നത് ഉത്ഥാനത്തിൽ പ്രതീക്ഷയുള്ളതിനാലായിരുന്നു.

നമുക്കും പ്രതീക്ഷയുള്ളവരായിരിക്കാം. ജീവിതത്തിൽ എന്തെല്ലാം സംഭവിച്ചാലും - പ്രതീക്ഷിക്കാത്ത സഹനങ്ങളുണ്ടാവുമ്പോൾ, ദൈവേഷ്ടമാണെന്നുറപ്പിച്ചു ചെയ്തതിനൊക്കെ വിപരീത ഫലമുണ്ടാവുമ്പോൾ, എല്ലാവരും കൈവിട്ടു എന്ന വിചാരം അലട്ടുമ്പോൾ, ദൈവം കേൾക്കുന്നില്ല എന്ന തോന്നലുണ്ടാവുമ്പോൾ-പ്രതീക്ഷ കൈവിടാതെ നമുക്കു ദൈവത്തെ മുറുകെ പിടിക്കാം. കാരണം താൻ കൂടുതൽ സ്നേഹിക്കുന്നവർക്കായി ദൈവം ഒരുക്കുന്ന സമ്മാനമാണത്. ഒന്നുമില്ലായ്മയിലും നമുക്കുള്ള പ്രതീക്ഷ അനേകർക്കു പ്രതീക്ഷയുടെ കാരണമാകട്ടെ.





# തിരുഹൃദയത്തിലെ റോസാപുഷ്പം



ലിറ്റി മോൾ ആന്റണി

**പൂ**ർണ്ണചന്ദ്രന്റെ ശോഭയായിരുന്നു അവളുടെ മുഖത്തിന്. ആ മുഖത്തെ നിഷ്കളങ്കത കൊണ്ട് നിറയ്ക്കുന്ന ഒരു പുഞ്ചിരി എപ്പോഴും അവളുടെ ചുണ്ടിൽ വിരിഞ്ഞിരുന്നു. അന്ന, അതായിരുന്നു അവളുടെ പേര്. എപ്പോഴും ഒരു കുട്ടിയുടുപ്പിട്ട് തുള്ളിച്ചാടി നടക്കുന്ന ഒരു കൊച്ചു സുന്ദരി. പക്ഷേ, എപ്പോഴും അവളുടെ മനസ്സിൽ ഒരു ലക്ഷ്യം ഉണ്ടായിരുന്നു. എങ്ങനെയും ഈശോയുടെ പ്രീതി നേടണം. ആ തിരുഹൃദയത്തിലെ റോസാപുഷ്പം ആകണം. ഈ ചിന്ത എപ്പോഴും ആ കുരുന്നു ഹൃദയത്തിൽ അലതല്ലി.

ഒരിക്കൽ സന്ധ്യാ പ്രാർത്ഥനാ സമയത്ത് തിരുഹൃദയരൂപത്തിന് മുന്നിൽ കത്തിച്ചു വച്ചിരുന്ന മെഴുകുതിരി അവൾ ശ്രദ്ധിച്ചു. കുറച്ച് സമയം അവൾ ആ മെഴുകുതിരിയിലേക്കു സൂക്ഷിച്ചു നോക്കി. അതെ, അത് ചിരിക്കുകയാണ്. അന്നമോൾ മെഴുകുതിരിയുടെ അടുത്തേക്കുചെന്നു.എന്നിട്ട് അവൾ ചോദിച്ചു, ഇങ്ങനെ വേദനയോടെ ഉരുകി തീരുമ്പോഴും നിനക്ക് എങ്ങനെ ചിരിക്കുവാൻ കഴിയുന്നു. അപ്പോൾ മെഴുകുതിരി മറുപടി പറഞ്ഞു. ഇങ്ങനെ ഈശോയുടെ തിരുഹൃദയരൂപത്തോട് അടുത്തിരുന്നുകൊണ്ട് എല്ലാവർക്കും പ്രകാശം ചൊരിയുമ്പോൾ ലഭിക്കുന്ന സന്തോഷത്തിനുമുന്നിൽ എന്റെ വേദനകൾ വളരെ ചെറുതാണ്. അങ്ങനെ അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മെഴുകു



തിരി വിഷമിക്കുന്നതായി അന്നമോൾ കണ്ടു. അവൾ ചോദിച്ചു എന്താണൊരു വിഷമം. അപ്പോൾ മെഴുകുതിരി പറഞ്ഞു ഞാൻ ഉരുകിത്തീരാറായി. എന്നെ ഒന്ന് ഊതി കെടുത്തുമോ? അപ്പോൾ ഒരു ചെറുചിരിയോടെ അന്നമോൾ ചോദിച്ചു– മറ്റുള്ളവർക്ക് വേണ്ടി ഉരുകിത്തീരുന്നതിൽ സന്തോഷമാണെന്ന് പറഞ്ഞിട്ട് ഇപ്പോൾ എന്തിനാണ് വിഷമിക്കുന്നത്? മെഴുകുതിരി പറഞ്ഞു– എന്റെ വിഷമം ഞാൻ ഇല്ലാതാവുന്നതിലല്ല. എന്നെ ഉറപ്പിച്ചിരിക്കുന്നത് ഒരു പ്ലാസ്റ്റിക്ക് പാത്രത്തിലല്ലേ. ഞാൻ മുഴുവനായി ഉരുകിത്തീർന്നാൽ ആ പാത്രവും ഉരുകി ഇല്ലാതാവും. ഞാൻ കാരണം മറ്റൊന്നും നശിക്കുവാൻ പാടില്ല. അതിനാൽ വേഗം എന്നെ ഒന്ന് ഊതിക്കെടുത്തൂ. ഉടൻ തന്നെ അന്നമോൾ മെഴുകുതിരി ഊതിക്കെടുത്തി. മെഴുകുതിരി തന്നെ വലിയ ഒരു പാഠം പഠിപ്പിക്കുകയാണെന്ന് അന്നമോൾക്കു മനസ്സിലായി. ദൈവത്തോടു ചേർന്നുനിന്നുകൊണ്ട് മറ്റുള്ളവർക്കു നന്മ ചെയ്തു ജീവിക്കുമ്പോൾ ദൈവത്തിന്റെ തിരുഹൃദയത്തിലെ റോസാപുഷ്പമാകുവാൻ കഴിയുമെന്ന് അവൾ തിരിച്ചറിഞ്ഞു. അന്നുമുതൽ അന്നമോൾ മറ്റുള്ളവർക്ക് കഴിയുന്നത്ര നന്മകൾചെയ്തുകൊണ്ട് ജീവിക്കുവാൻ തുടങ്ങി.

**സന്ദേശം: സ്വന്തമായിട്ടൊന്നും നേടുവാൻ കഴിഞ്ഞില്ലെങ്കിലും മറ്റുളളവർക്ക് വേണ്ടി ജീവിക്കാൻ കഴിഞ്ഞാൽ ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളാകുവാൻ സാധിക്കും.**

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./ അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192



# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

എത്സമ്മ മഠത്തിക്കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദൈവരഹസ്യം: ഈശോയുടെ രൂപാന്തരീകരണം**

പ്രാർത്ഥനയിൽ ദൈവസന്നിധിയിലേക്ക് മനസ്സും ഹൃദയവുമുയർത്തി അനുദിനജീവിതാനുഭവങ്ങളുടെ പിന്നിലെ ദൈവപരിപാലനയെ ദർശിച്ച്, ദൈവത്തിന്റെ കണ്ണുകളിലൂടെ ജീവിതത്തെ നോക്കിക്കണ്ട്, ദൈവഹിതം അനുനിമിഷം നിറവേറ്റിയ പരിശുദ്ധ അമ്മേ, പ്രാർത്ഥനയിൽ ദൈവഹിതം അന്വേഷിക്കുന്നവരും അത് നിറവേറ്റുന്നവരുമായി ജീവിക്കാൻ അമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**രണ്ടാം ദൈവരഹസ്യം: കുരിശിലുയർത്തപ്പെട്ട ഈശോ**

കുരിശിനെ നോക്കി പുഞ്ചിരിച്ച, കുരിശിനെ വാരിപ്പുണർന്ന, കുരിശിനെ രക്ഷയുടെ മാർഗ്ഗമാക്കി, സ്വർഗ്ഗത്തിന്റെ താക്കോലാക്കി മാറ്റിയ ദൈവപുത്രന്റെ അമ്മേ, പുത്രന്റെ പീഡകളോട് നിശബ്ദമായി സഹകരിച്ചുകൊണ്ട് കുരിശിന്റെ രഹസ്യത്തിന്റെ കീഴിൽ നിലയുറപ്പിച്ചവളാണല്ലോ നീ. ഞങ്ങളുടെ അനുദിന ജീവിതത്തിൽ പാപത്തിന് മരിച്ച്, പുണ്യത്തിലുയിർക്കാൻ, ഞങ്ങൾ കർത്താവീശോമിശിഹായുടെ കുരിശിലല്ലാതെ മറ്റൊന്നിലും പ്രശംസകണ്ടെത്താതിരിക്കാൻ കുരിശിൻചുവട്ടിലെ അമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**മൂന്നാം ദൈവരഹസ്യം: വിധികർത്താവായി വരുന്ന ഈശോ**

എന്റെ എളിയ ഈ സഹോദരന്മാരിൽ ആർക്കെങ്കിലും നിങ്ങൾ ഇത് ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണ് ചെയ്തത് എന്ന തിരുമൊഴി ജീവിതത്തിൽ പ്രാവർത്തികമാക്കി, സ്വർഗ്ഗരാജ്ഞീകിരീടം കരസ്ഥമാക്കിയ പരിശുദ്ധ അമ്മേ, സഹോദരങ്ങളിൽ ഈശോയെ ദർശിച്ചുകൊണ്ട് അവർക്ക് സ്നേഹശുശ്രൂഷകൾ ചെയ്യുവാനും കാരുണ്യപ്രവൃത്തികളിൽ തിന്മയെ നന്മകൊണ്ട് കീഴടക്കുവാനും ബുദ്ധിമതികളായ കന്യകമാരെപ്പോലെ സ്വർഗ്ഗരാജ്യത്തിനർഹരായി തീരുവാനും അമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.


**നാലാം ദൈവരഹസ്യം: ഈശോയുടെ സ്വർഗ്ഗാരോഹണം**

സഹനത്തിന്റെ തീച്ചൂളയിൽ വെന്തുരുകുമ്പോഴും സ്വർഗ്ഗീയാനന്ദം ലക്ഷ്യംവച്ച് സമചിത്തതയോടെ മുന്നേറിയ പരിശുദ്ധ അമ്മേ, വെളിപ്പെടുവാനുള്ള മഹത്ത്വത്തോട് തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ തുലോം നിസ്സാരമായി കരുതുവാനും ഉത്ഥാനത്തിന്റെ പ്രത്യാശാഭരിതമായ ജീവിതം നയിക്കാനും നൈരാശ്യത്തിന്റെയും അന്ധകാരത്തിന്റെയും താഴ്വരയിൽ പ്രതീക്ഷയുടെ കെടാവിളക്ക് തെളിയിക്കുവാനും ഒരിക്കൽ ഉത്ഥാനം ചെയ്യാനുള്ള ഞങ്ങളുടെ ആത്മശരീരങ്ങളെ നിർമ്മലമായി സൂക്ഷിക്കാനും അങ്ങനെ അനുദിനം വിശുദ്ധിയിൽ വളരുവാനും അമ്മേ, ഞങ്ങളെ സഹായിക്കണമേ.

**അഞ്ചാം ദിവ്യരഹസ്യം: മാതാവിന്റെ സ്വർഗ്ഗാരോപണം**

പരമപിതാവിന്റെ അരികിൽ പുത്രനോടൊത്ത് സ്വർഗ്ഗസന്തോഷം അനുഭവിക്കുന്ന അമ്മേ, പാരിലെ വാസമൊരു പലായനം മാത്രമാണെന്ന് അമ്മയുടെ ജീവിതം ഞങ്ങളെ പഠിപ്പിക്കുന്നുവല്ലോ. ലോകത്തിലാണെങ്കിലും ലോകത്തിന്റേതല്ലാതെ ജീവിച്ച പരിശുദ്ധ അമ്മേ, നശ്വരസുഖങ്ങളിൽ മുഴുകി, നീർപ്പോളപോലുള്ള ജീവിതത്തിൽ കുടുങ്ങിപ്പോകാതിരിക്കാൻ, ഞങ്ങളുടെ മരണസമയത്ത് ഞങ്ങളെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുവാൻ ഞങ്ങളുടെ സമീപത്ത് ഉണ്ടായിരിക്കണമേ.





PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th September 2018

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

"ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ,
സ്വർഗീയ ഓർശ്ലേമിനെ ലക്ഷ്യം വച്ചുള്ള
ഞങ്ങളുടെ പ്രയാണത്തിന്റെ അന്ത്യത്തിൽ
സ്വർഗീയ മഹത്ത്വത്തിലേക്ക് ഞങ്ങളെ
ആനയിക്കുവാൻ വരുന്ന മിശിഹായേ,
ഈ ലക്ഷ്യത്തിൽനിന്നും വ്യതിചലിക്കാതെ
നിന്റെ മക്കളായ ഞങ്ങളെ സംരക്ഷിക്കണമേ.
അങ്ങനെ അവസാന വിധിദിവസത്തിൽ
ഞങ്ങളെല്ലാവരുമൊരുമിച്ച് നിന്നെ
പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന്
പാടിപ്പുകഴ്ത്തുവാൻ ഇടയാക്കണമേ"
(ഏലിയാ സ്ലീവാക്കാലം, ശനി - എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O.,
Kottayam - 686 018, Printed at WiGi Printers, Manganam P.O.,
Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published
at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.
Editor : Fr. Mathew Vellanickal